## നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, എനിക്ക് വളരെ ചുരുക്കം കാര്യങ്ങൾ മാത്രമേ സംസാരിക്കാനുള്ളൂ. രണ്ട് ചെറിയ ഭേദഗതികളാണ് നടപ്പിൽ വരുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിലൊന്ന് നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ട നിലയിൽ നടക്കുന്നില്ല. സംസ്ഥാനത്തിന്റെ സുപ്രധാനമായിട്ടുള്ള സാമ്പത്തിക സ്രോതസ്സായി ടൂറിസം വളർച്ച പ്രാപിച്ചിരിക്കുന്ന ഒരു ഘട്ടത്തിലാണ് നമ്മൾ നിൽക്കുന്നത്. നമ്മുടെ ജി.ഡി.പി-യുടെ 10 ശതമാനം ടൂറിസം മേഖലയിൽ നിന്നും ലഭ്യമാകുന്നുവെന്നതായി കണക്കാക്കപ്പെടുന്നു. ടൂറിസം മേഖലയിൽ വലിയ സാധ്യതകളാണ് നമ്മുടെ മുന്നിൽ തുറന്ന് കിടക്കുന്നത്. ആ സാധ്യതകളെ ഉപയോഗപ്പെടുത്താൻ സഹായകരമായ തരത്തിലുള്ള ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഇതര സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ നടക്കുന്നതുപോലെ മെച്ചപ്പെട്ട രീതിയിൽ നടക്കുന്നില്ല.

അതുമാത്രമല്ല അവയുടെ ഘടനയിൽ ഏകീകൃതമായിട്ടുള്ള സ്വഭാവവുമില്ല. 14 ജില്ലകളിലും ടൂറിസം സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും പ്രവർത്തനരഹിതമാണ് അല്ലെങ്കിൽ ഭാഗീകമായി പ്രവർത്തിക്കുന്നവയാണ്. ദൈവത്തിന്റെ സ്വന്തം നാട് എന്ന പേരിൽ ടൂറിസ്റ്റുകളെ ധാരാളമായി ആകർഷിക്കുന്ന നമ്മുടെ സംസ്ഥാനത്ത്, ഈ രംഗത്ത് പ്രവർത്തിക്കുന്ന ടൂറിസം സംഘങ്ങൾക്ക് കാര്യമായ ഇടപെടലുകൾ നടത്താൻ സാാധിക്കുന്നില്ല എന്നതാണ് ഗവൺമെന്റ് പരിശോധിക്കുമ്പോൾ കാണുന്നത്. അതേസമയം സ്വകാര്യ വ്യക്തികളും സ്വകാര്യ വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങളും ഈ മേഖലയിൽ മെച്ചപ്പെട്ട തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട് എന്നുള്ളതും നമ്മൾ കാണേതായിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, നമ്മുടെ സംസ്ഥാനത്ത് ജി.ഡി.പി-യുടെ 10 ശതമാനം ടൂറിസത്തിൽ നിന്ന് ലഭിക്കുമ്പോൾ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള ഒരു സ്രോതസ്സെന്ന നിലയിൽ ടൂറിസം വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള വിവിധ പദ്ധതികളാണ് രണ്ടര വർഷമായി നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ

രംഗത്ത് ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണമെന്ന ഒരു ആലോചന ഉണ്ടായിട്ടുള്ളത്. സഹകരണ നിയമത്തിൽ മറ്റെല്ലാ വിഭാഗം സഹകരണ സ്ഥാപനങ്ങൾക്കും നിർവ്വചനം നൽകിയിട്ടുണ്ട്. എന്നാൽ ടൂറിസം സംഘങ്ങൾക്ക് മാത്രം അപ്രകാരം നിർവ്വചനം നൽകി കാണുന്നില്ല. സംഘങ്ങളുടെ ക്ലാസിഫിക്കേഷനെന്ന സഹകരണ ചട്ടം 15-ൽ പ്രൈമറി വിഭാഗത്തിൽ പ്രൈമറി ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും അപ്പെക്സ് വിഭാഗത്തിൽ ടൂർ ഫെഡ് എന്ന നിലയിലും ക്ലാസിഫൈ ചെയ്തിട്ടുണ്ടെന്നതും ഒഴിച്ചാൽ മറ്റ് യാതൊരു വിശദാംശങ്ങളും നിയമത്തിലോ ചട്ടത്തിലോ ഉൾപ്പെടുത്തിയതായിട്ട് കാണുന്നില്ല. കൂടാതെ പ്രൈമറി ടൂറിസം സംഘങ്ങളുടെ പ്രവർത്തന പരിധിയും നിശ്ചയിച്ചിട്ടില്ല. നിലവിൽ നമ്മുടെ സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി പ്രൈമറി വിഭാഗത്തിൽ രണ്ട് ടൂറിസം സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഒരു ജില്ല, ഒന്നിൽ കൂടുതൽ ജില്ലകൾ, താലൂക്ക്, പഞ്ചായത്ത് എന്നിങ്ങനെ പ്രൈമറി വിഭാഗത്തിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും അവയിൽ ചിലത് പ്രവർത്തിച്ചുവരികയും ചെയ്യുകയാണ്. അതുകൊണ്ട് തന്നെ ഇതിനൊരു ഏകീകൃത സ്വഭാവം ആവശ്യമാണെന്ന്

ഗവൺമെന്റ് കാണുകയാണ്. ഏകീകൃത സ്വഭാവം കൈവരിക്കാനും പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി നിർണ്ണയിച്ചുകൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. ആ നിലയിൽ ചെറിയൊരു ഭേദഗതിയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ടൂറിസം സംഘങ്ങൾ ഒരു താലൂക്ക് അടിസ്ഥാനപ്പെടുത്തി, ഒരു റവന്യൂ പ്രദേശം, അതായത് ഒരു താലൂക്കിനെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ടൂറിസം സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നതായിരിക്കും നല്ലത്. ഇപ്പോൾ നിലവിലുള്ള, സംസ്ഥാനമാകെ വ്യാപിച്ചുനിൽക്കുന്നതായുള്ള പ്രവർത്തന പരിധിയിലുള്ള സംഘങ്ങൾ, ചില വില്ലേജുകളിൽ മാത്രം കേന്ദ്രീകരിച്ച് നിൽക്കുന്ന സഹകരണ സംഘങ്ങൾ, എന്നിവ ഒരു ഏകീകൃതമായിട്ടുള്ള വ്യവസ്ഥയ്ക്ക് കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടിയിട്ടുള്ള പരിശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. രണ്ടാമത്തെ ഭേദഗതി എന്നുപറയുന്നത്, പാൽ വിതരണ സഹകരണ സംഘങ്ങളുടെ നടത്തിപ്പിന് വേണ്ടിയുള്ള ഒരു ഭേദഗതിയാണ്. പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയാണ് ഗവൺമെന്റ് അധികാരത്തിൽ വന്നാൽ ലക്ഷ്യംവയ്ക്കുക എന്ന് തെരഞ്ഞെടുപ്പ്

പ്രകടനപത്രികയിൽ തന്നെ വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. മിൽമയുടെ പ്രവർത്തനങ്ങളെ യഥാർത്ഥ ആനന്ദ് മാതൃകയിൽ പുന:സംഘടിപ്പിക്കും, ക്ഷീര ക്ഷേമ സംഘങ്ങൾക്ക് സ്കീമുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായം നൽകും തുടങ്ങിയ കാര്യങ്ങളായിരുന്നു പ്രകടനപത്രികയിൽ ചൂണ്ടികാണിച്ചിട്ടുണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇത് ഫലപ്രദമായിട്ട് നടപ്പിലാക്കുവാൻ സാധിക്കുമെന്നതിനെക്കുറിച്ച് പരിശോധിക്കുന്നതിന് ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടായിരുന്നു. ആ എക്സ്പെർട്ട് കമ്മിറ്റി വളരെ വിശദമായിട്ടുള്ള പരിശോധനകൾക്ക് ശേഷം, ശ്രീമതി ലിഡ ജേക്കബ് ഐ.എ.എസ്. (റിട്ടയേർഡ്) ചെയർപേഴ്സൺ, ഡോ. വി.മുകുന്ദ ദാസ്, ഡയറക്ടർ, ചന്ദ്രഗുപ്ത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, പാറ്റ്ന, ബീഹാർ, ശ്രീ ശശികുമാർ എം.പി., ഡയറക്ടർ ഇൻ ചാർജ്ജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, പറശ്ശിനിക്കടവ്, കണ്ണൂർ, ശ്രീ. ജോർജ്ജ് കുട്ടി ജേക്കബ്, മെമ്പർ സെക്രട്ടറി, ഡയറക്ടർ (റിട്ട.) ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് ഈ സഹകരണ സംഘങ്ങളെ കൂടുതൽ മെച്ചപ്പെട്ട തരത്തിൽ എങ്ങനെ

പ്രവർത്തിക്കാൻ സാധിക്കും, പാലുല്പാദനം കൂടുതൽ വർദ്ധിപ്പിക്കാൻ എങ്ങനെ സാധിക്കും, സ്വയംപര്യാപ്തത നേട്ടങ്ങൾ എങ്ങനെ കൈവരിക്കാൻ സാധിക്കും, ഇതിനായി മിൽമയുടെ പ്രവർത്തനങ്ങളിൽ കാലോചിതമായി വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെ ആയിരിക്കണമെന്നതിനെക്കുറിച്ച് വളരെയധികം വിശദമായി പഠിച്ച് തയ്യാറാക്കിയിട്ടുള്ള ഒരു റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ചില ഭേദഗതികൾ നിയമത്തിൽ കൊണ്ടുവരണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ 3 റീജിയണൽ സംഘങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. കോഴിക്കോട് കേന്ദ്രീകരിച്ച് കോഴിക്കോട് റീജിയണൽ സഹകരണ മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റി, എറണാകുളം റീജിയണൽ മിൽക്ക് സഹകരണ മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരം റീജിയണൽ സഹകരണ മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റി എന്നിങ്ങനെയാണ്. കോഴിക്കോട് ഏതാണ്ട് 980, എറണാകുളത്ത് 1200, തിരുവനന്തപുരം 1100 എന്നിങ്ങനെ സംഘങ്ങളുണ്ട്. ഈ സംഘങ്ങളുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം, ആനന്ദ് മാതൃകയിൽ ജില്ലാതലത്തിൽ സംഘങ്ങളെ നയിക്കുന്നതിന് പ്രാപ്തരായിട്ടുള്ള ആളുകളെ തെരഞ്ഞെടുക്കുകയാവും നന്നാവുക എന്ന നിലയാണ് കാണുന്നത്. അതിന്റെ

അടിസ്ഥാനത്തിലുള്ള ഒരു ചെറിയ നിയമ ഭേദഗതിയാണ് ഇക്കാര്യത്തിൽ കൊണ്ടുവരുന്നത്. വളരെ ചെറുതും എന്നാൽ പ്രധാനപ്പെട്ട മേഖലകളായ ടൂറിസം, വ്യവസായം, പാലുല്പാദന മേഖല എന്നിവയിൽ വലിയ മാറ്റങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് കൊണ്ടുവരുന്ന രണ്ട് ഭേദഗതികളാണ്. ഇതാണ് എനിക്ക് പറയാനുള്ളത്. ഇത് ഞാൻ സഭയുടെ മുന്നിൽ വയ്ക്കുന്നു.

മി. സ്പീക്കർ: 2018-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (രണ്ടാം ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തിന് നോട്ടീസ് നൽകിയവരാരും സീറ്റിലില്ല. നോട്ടീസുകൾ ലാപ്സായിരിക്കുന്നു. ശ്രീ. സി. ദിവാകരന് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, 2018-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (രണ്ടാം ഭേദഗതി) ബിൽ 30-12-2018 വരെ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സുപ്രധാനമായ രണ്ട് ഭേദഗതികളാണ് നിയമസഭ പാസ്സാക്കാൻ പോകുന്നത്. നിലവിലുള്ള സഹകരണ പ്രസ്ഥാനം കൂടുതൽ ശാസ്ത്രീയമായും

കാര്യക്ഷമമമായും മുന്നോട്ടുകൊണ്ടുപോകണമെന്ന സദുദ്ദേശത്തിലാണ് ഈ രണ്ട് ഭേദഗതികളും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ആ രണ്ട് ഭേദഗതികളെയും ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. സഹകരണ പ്രസ്ഥാനത്തിന് സുദീർഘമായ ചരിത്രമാണുള്ളത്. പാശ്ചാത്യ രാജ്യത്ത് പൊട്ടിപ്പുറപ്പെട്ട പല മാറ്റങ്ങളുടെയും ഫലമായിട്ടാണ് സഹകരണ പ്രസ്ഥാനം 19-ാം നൂറ്റാണ്ടിൽ യൂറോപ്പിലും ഫ്രാൻസിലും പ്രവർത്തനം ആരംഭിച്ചത്. സഹകരണ പ്രസ്ഥാനത്തിന്റെ പിതാവായി അറിയപ്പെടുന്നത് സ്കോട്ട്ലാന്റിലെ റോബർട്ട് ഓവൻ എന്ന മഹാനായ വ്യക്തിയാണ്. ലോകത്തിലാദ്യമായി സഹകരണ സങ്കൽപ്പമുണ്ടാകുന്നത് അദ്ദേഹത്തിന്റെ പരീക്ഷണമായിരുന്നു. തുടർന്ന് പല രാജ്യങ്ങളിലും ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട് പരസ്പര സഹായ സഹകരണ പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു. കേരളത്തിന് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പുതന്നെ (1946-ൽ) 1669 സഹകരണ സംഘങ്ങൾ കേരളത്തിൽ പ്രവർത്തിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് സഹകരണ പ്രസ്ഥാനം കേരളത്തിൽ സർവ്വവ്യാപിയാണ്. സഹകരണ മേഖല പ്രവർത്തിക്കാത്ത ഒരു മേഖലയും സാമൂഹ്യരംഗത്തില്ല. ഏറ്റവും ഒടുവിൽ നമ്മുടെ ഗ്രാമങ്ങളിൽ അതിശക്തമായി വേരോടി നിൽക്കുന്ന ജനകീയ പ്രസ്ഥാനമാണ്

സഹകരണ പ്രസ്ഥാനം. സാമ്പത്തിക ക്രയവിക്രയമോ വായ്പ കൊടുക്കലോ മാത്രമല്ല, സർവ്വീസ് മേഖലയിലും ഒട്ടേറെ മാറ്റങ്ങൾ വരുത്താൻ സഹകരണ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. അഴിമതി വ്യാപകമാകുന്നുണ്ടെന്നുള്ളതാണ് സഹകരണ പ്രസ്ഥാനം ഇന്ന് നേരിടുന്ന ഏറ്റവും ഗുരുതരമായ അവസ്ഥ. അത് ഈ ഭേദഗതികൊണ്ട് ശാസ്ത്രീയമാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ജനങ്ങളുടെ വിശ്വാസത്തെ ഹനിക്കുന്നതരത്തിൽ പല സഹകരണ സംഘങ്ങളും ഇന്ന് അഴിമതിയിലേയ്ക്ക് നീങ്ങുകയാണ്. അത് നിയന്ത്രിക്കാനുള്ള നടപടികൾ ഉൾക്കൊള്ളുന്ന ഭേദഗതി ഇപ്പോൾ വന്നിട്ടില്ലെങ്കിൽ അതിന് പ്രത്യേകമായൊരു സംവിധാനം ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവരണം. സഹകരണ മേഖലയിലെ അഴിമതികൾ കണ്ടെത്തുന്നതിന് പ്രത്യേക പോലീസോ ക്രൈം ബ്രാഞ്ചോ സ്പെഷ്യൽ ബ്രാഞ്ചോ അല്ലാതെ ഒരു വിജിലൻസ് വിഭാഗം സഹകരണ മേഖലയിലുണ്ടാക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു. ഇന്ന് നാൽപ്പതിനായിരം കോടി രൂപ മൂലധനമുള്ള ഒരു മേഖലയാണിത്. സഹകരണ മേഖലയിലെ പ്രവർത്തനത്തിന്റെ ഫലമായി ഏറ്റവും ആധുനികമായ രീതിയിൽ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിബന്ധനകൾക്ക് വിധേയമായി 'കേരള ബാങ്ക് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു. അത് ഇന്ത്യയിൽ മറ്റെവിടെയെങ്കിലും

ഉണ്ടോയെന്ന് അറിയില്ല. ആ തീരുമാനം ഫലപ്രദമായി മുന്നോട്ടുപോകുകയാണ്. അതിന്റെ അടിത്തറ ജനങ്ങൾക്ക് സഹകരണ മേഖലയിലുണ്ടായ വിശ്വാസമാണ്. വികസനത്തിനുവേണ്ടി ഇത്തരം ബാങ്കുകളെ ഉപയോഗിക്കുമ്പോൾ അവർ 75 ശതമാനം ഡെപ്പോസിറ്റുകളും വായ്പ കൊടുത്ത് സഹായിക്കുകയാണ് ചെയ്യുന്നത്. നാട്ടിൻപുറത്തെ പാവപ്പെട്ട കൃഷിക്കാർ, സ്വയംതൊഴിൽ കണ്ടെത്തുന്നവർ എന്നിങ്ങനെ എല്ലാവിധത്തിലുമുള്ള സാമൂഹിക സേവനവും ഈ ബാങ്കിംഗ് മേഖലയിൽ നടത്തുന്നുണ്ട്. ഇവിടെ നെല്ല് സംഭരണത്തെക്കുറിച്ച് പറഞ്ഞു. നെല്ല് സംഭരണം സഹകരണ മേഖല ഏറ്റെടുക്കുകയാണ്. ആരോഗ്യരംഗത്തും സഹകരണ മേഖല പ്രവർത്തിക്കുകയാണ്. വിദ്യാഭ്യാസ മേഖല വളരെ ശക്തമായി സഹകരണ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണ രംഗത്ത് കൺസ്യൂമർഫെഡ് പോലെ മാതൃകാപരമായ പ്രവർത്തനങ്ങളുണ്ട്. അതോടൊപ്പം ചില കമ്പനികൾ, ഉദാഹരണത്തിന് മലബാർ സിമെന്റ്സിന്റെ വിപണി കണ്ടെത്താൻ സഹകരണ മേഖല ഇപ്പോൾ സഹായിക്കുന്നുണ്ട്. അടുത്തകാലത്ത് കേരളത്തിലെ ഏറ്റവും ഗുരുതരമായ പ്രശ്നം ട്രാൻസ്പോർട്ട് ജീവനക്കാരുടെ പെൻഷൻ സംബന്ധിച്ചായിരുന്നു. അതിനോടനുബന്ധിച്ച്

തൊഴിലാളികളുടെ പണിമുടക്കും ഒട്ടേറെ സമരങ്ങളും നടന്നു. ആ സന്ദർഭത്തിൽ സഹകരണ ബാങ്കുകളാണ് മുന്നോട്ടുവന്നത്. കേരളത്തിലെ മുപ്പത്തിയൊൻപതിനായിരത്തിൽപ്പരം ട്രാൻസ്പോർട്ട് തൊഴിലാളികളുടെ പെൻഷൻ സഹകരണ മേഖലയെ ഏൽപ്പിച്ചാൽ അവർ അത് ഫലപ്രദമായി നടത്താമെന്ന് പറഞ്ഞു. ഇപ്പോൾ അവരത് ഫലപ്രദമായി കൊടുക്കുകയാണ്. അതുപോലെ സാമൂഹികക്ഷേമ പെൻഷൻ വീട്ടിലെത്തിക്കുന്ന സമ്പ്രദായമാണ് കേരള ഗവൺമെന്റ് ചെയ്യുന്നത്. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തത് ഫലപ്രദമായി ചെയ്തിട്ടുണ്ട്. അതുപോലെ ടൂറിസത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അമെന്റ്മെന്റ് കൊണ്ടുവന്നിട്ടുണ്ട്. നാം ആഗ്രഹിക്കുന്നതുപോലെ ടൂറിസത്തെ മുന്നോട്ടുകൊണ്ടുപോകാൻ ഈ ഭേദഗതി സഹായകരമാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഭേദഗതിയിൽ പറയുന്നത്, "ഈ ആക്റ്റിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംഘത്തിന്റെ പ്രവർത്തന പ്രദേശവും ആസ്തികളും ബാധ്യതകളും വിഭജനം നടത്താതെയുള്ള ഏതൊരു പ്രൈമറി ടൂറിസം സഹകരണ സംഘത്തിന്റെ രജിസ്ട്രേഷനും അപ്രകാരം വിഭജനം നടത്താതെയുള്ള ഏതെങ്കിലും രജിസ്ട്രേഷനെ തുടർന്നുള്ള കമ്മിറ്റിയുടെ

രൂപീകരണവും അസാധുവായിരിക്കുന്നതും അങ്ങനെയുള്ള ഓരോ സംഘങ്ങൾക്ക് വേണ്ടിയും രജിസ്ട്രാർ ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കേണ്ടതുമാണ്." സ്പെഷ്യൽ ആഫീസറെ നിയമിച്ചാൽ അങ്ങനെ എത്ര സ്പെഷ്യൽ ആഫീസർമാർ വരും. അത് അധിക ബാധ്യതയായി വരാനിടയുണ്ടെന്നാണ് സംശയിക്കുന്നത്. കഴിയുമെങ്കിൽ അതൊഴിവാക്കുന്ന കാര്യം ആലോചിക്കണം.

സഹകരണ മേഖലയിൽ വളരെ ശക്തമായി പ്രവർത്തിക്കുന്ന ഒന്നാണ് മിൽമ. കേരളത്തിലെ ക്ഷീരകർഷകരുടെ ഏക ആശ്രയം മിൽമയാണ്. മിൽമയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി ഗവൺമെന്റുതന്നെ നിയോഗിച്ച Expert Committee for study on Dairy Co-Operative in Kerala എന്ന സമിതിയുടെ റിപ്പോർട്ടിൽ ഉന്നയിക്കുന്ന കാര്യമാണ് ഭേദഗതിയായി വരുന്നത്. മിൽമയിൽ ജില്ലകളിലെ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിന് എവിടെയുള്ള ആളിനും വോട്ട് ചെയ്യാമെന്നുള്ള സ്ഥിതിയാണുള്ളത്. അത് മാറുകയാണ്. സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിന് അതാത് ജില്ലയ്ക്കകത്തുള്ള ആളുകൾ വോട്ടുചെയ്യുകയും തെരഞ്ഞെടുക്കപ്പെടുകയും വേണം. ഇപ്പോഴും മൂന്ന് തട്ട് എന്നുള്ളത് ഗവൺമെന്റ് മാറ്റുന്നില്ല. അങ്ങനെയൊരു ഭേദഗതി ഇപ്പോഴില്ല. അത് തുടരുകയാണ്. പക്ഷേ

അതിലൊരു പ്രശ്നമുണ്ട്. ആ ഭേദഗതിയില്ലാത്തതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻറീച്ചറിന്റെ ഭാഗമായി ഭരണ സംവിധാനങ്ങളിൽ ഏറ്റവും ഭാരിച്ച സാമ്പത്തിക ബാധ്യത വരുന്നത് ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അവരുടെ ആനുകൂല്യങ്ങളും കൊടുക്കുന്നതിനാണ്. സംഘങ്ങൾക്ക് താങ്ങാനാകാത്തവിധം ബാധ്യത വരുന്നുണ്ട്. ഉദ്യോഗസ്ഥന്മാരുടെ സ്കെയിൽ ഓഫ് പേ, അവരുടെ കാലാകാലങ്ങളിലെ സർവ്വീസ് കണ്ടീഷൻ ഇതെല്ലാം നോക്കുമ്പോൾ വലിയ ഭാരമാണ് ഉദ്യോഗസ്ഥ രംഗത്ത് നിർവ്വഹിക്കേണ്ടി വരുന്നത്. ഓരോ സംഘങ്ങൾക്കുവേണ്ടിയും രജിസ്ട്രാർ/ ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കണമെന്ന് പറയുന്നത് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മിൽമയുമായി ബന്ധപ്പെട്ട് കൊണ്ടുവന്നിട്ടുള്ള ഭേദഗതികൊണ്ട് മിൽമയ്ക്ക് ചെറിയൊരു മാറ്റം വരും. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ റിപ്പോർട്ടിൽ പറയുന്നത്, പ്രധാനപ്പെട്ടതല്ല. ഇന്ന് കേരളത്തിലെ ക്ഷീരകർഷകർക്ക് ക്വാളിറ്റിയുള്ള കാലിത്തീറ്റ കിട്ടുന്നില്ല, ഫോഡർ കിട്ടുന്നില്ല, അതിനുവേണ്ടിയുള്ള സ്കീമിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നൊക്കെ ശ്രീമതി ലിഡ ജേക്കബ്ബിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. അതിനുമുമ്പ്

ഹെയ്ലിയുടെ റിപ്പോർട്ടുണ്ടായിരുന്നു. അതുകൊണ്ട് ഈ നിയമഭേദഗതികൾ മാത്രം പോര, ആ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള ശിപാർശകൾകൂടി ഗവൺമെന്റ് പരിഗണിക്കണം. ക്ഷീരകർഷകർക്ക് ആവശ്യമായ പച്ചപ്പുല്ലും കാലിത്തീറ്റയും വില കുറച്ച് കിട്ടാനുള്ള സമ്പ്രദായങ്ങളുണ്ടാകണം. കൂടുതൽ കാലിത്തീറ്റ ഫാക്ടറികളുണ്ടാകണം. പ്രൈവറ്റ് കാലിത്തീറ്റ കമ്പനികളാണ് ഇപ്പോൾ കേരളത്തിലെ ക്ഷീരകർഷകരെ കൊള്ളയടിക്കുന്നത്. വില നിയന്ത്രിക്കാൻ കഴിയുന്നില്ല. പാലിന് എത്ര സബ്സിഡി കൊടുത്താലും ക്ഷീരകർഷകർക്ക് മുന്നോട്ട് പോകാൻ കഴിയുന്നില്ല. ഈ രണ്ട് ഭേദഗതികളും തീർച്ചയായും ഈ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കും, പ്രത്യേകിച്ച് വിനോദസഞ്ചാര രംഗം. ഇത് രണ്ടും പരസ്പര ബന്ധമുള്ളതാണ്. ഫുഡുമായി ബന്ധപ്പെട്ടതാണ് പാലുൽപ്പന്നങ്ങൾ. ടൂറിസ്റ്റുകൾ വരുമ്പോൾ അവർക്ക് ഏറ്റവും രുചിയായിട്ടുള്ളതും പാലധിഷ്ഠിതവുമായ ഉൽപ്പന്നങ്ങളുണ്ടാക്കിക്കൊടുക്കാൻ കഴിയുന്ന തരത്തിൽ ആധുനികമായ രീതിയിൽ മിൽമയും ടൂറിസം വകുപ്പും ജോയിന്റായി ഒരു വെൻചവർ നടത്തിയാൽ കേരളത്തിൽ ഇതിന് വലിയ സാദ്ധ്യതയുണ്ടാകും. അതിനെക്കുറിച്ചുകൂടി ആലോചിക്കണം. ഇവിടെ പ്രതിപക്ഷത്തുള്ള

സുഹൃത്തുക്കൾ ഇല്ലാത്തത് എനിക്ക് വലിയ പ്രയാസമുണ്ടാക്കുന്നുണ്ട്. അവരോട് ചില വർത്തമാനങ്ങൾ പറയണമെന്നുണ്ടായിരുന്നു. രണ്ടുമൂന്ന് പാവങ്ങൾ ഇവിടെ എവിടെയോ ഉണ്ട്. എന്തിനാണ് പതുങ്ങി ഇരിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അവർക്കെല്ലാം നിയമസഭയിൽ വന്നിരിക്കാം. നമ്മളാരും ഒന്നും ചെയ്യില്ല. ശബരിമല വിഷയത്തിൽ തുടങ്ങിയതാണ്. അവിടെ എന്തൊക്കയോ പ്രശ്നങ്ങളുണ്ടെന്ന് പറഞ്ഞുവെങ്കിലും അതെല്ലാം തീർന്നു. അതുകഴിഞ്ഞ് നിയമസഭാ മലയിലേയ്ക്ക് കയറിയിരിക്കുകയാണ്. സെക്രട്ടറിയേറ്റിലും ആരോ സമരമിരിക്കുന്നുവെന്ന് പറയുന്നു. ഇവിടെയും രണ്ടുമൂന്ന് പേർ സമരമിരിക്കുന്നുണ്ട്. ഇത് സൂചിപ്പിക്കുന്നത് കേരളത്തിലെ പ്രതിപക്ഷത്തിന്റെ രാഷ്ട്രീയ പാപ്പരത്വമാണ്. പ്രതിപക്ഷം തകർന്നിരിക്കുകയാണ്; അവർക്ക് സ്ഥലജല ഭ്രമമാണ്. ഇതുപോലെ ചെറിയ ഭേദഗതികളും നിയമ നടപടികളും എടുക്കുമ്പോൾ, എന്തുകാര്യത്തിനായാലും നിയമസഭയിൽ നിന്നും ഒളിച്ചോടുന്ന സ്ഥിതി മോശമാണ്. അവസാനം ഡോ. കെ. ടി. ജലീലിനെ പിടിച്ചുകയറാമെന്ന് വിചാരിച്ചു. അതിനും നിവൃത്തിയില്ല. ഇന്നത്തോടെ ആ വിഷയവും തീർന്നു. ഇത്തരത്തിൽ വിഷയ ദാരിദ്ര്യമുള്ള, പാപ്പരായ ഒരു പ്രതിപക്ഷത്തെ ഞാൻ എന്റെ ജീവിതത്തിൽ ഇതുവരെ

കണ്ടിട്ടില്ല. അവർ ഇന്ത്യയെക്കാണുന്നില്ല, ഇന്ത്യയിലെ സംഭവങ്ങൾ അറിയുന്നില്ല, വടക്കേ ഇന്ത്യയിൽ നടക്കുന്ന കാര്യങ്ങളറിയുന്നില്ല. ഇന്നലെ യു.പി.യിൽ നടന്ന സംഭവങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. നമ്മുടെ രാജ്യം എങ്ങോട്ടാണ് പോകുന്നത്? കോൺഗ്രസ് ദേശീയ പാർട്ടിയാണെന്നാണ് പറയുന്നത്. ഇവരാണോ ദേശീയപാർട്ടി, മതേതരത്വത്തിന്റെ ആളുകൾ? സ്ത്രീകളെ ശബരിമലയിൽ പ്രവേശിപ്പിക്കണോ വേണ്ടയോ എന്ന വിഷയം സംബന്ധിച്ച് അവർ ഇപ്പോഴും അഭിപ്രായം പറയുന്നില്ല. സുപ്രീംകോടതി വിധി നടപ്പിലാക്കണോ; സ്ത്രീകളെ ശബരിമലയിൽ പ്രവേശിപ്പിക്കണോ, വേണ്ടയോ എന്നതിനുപകരം വേറെ കാര്യങ്ങൾ പറയുകയാണ്. നിയമസഭയിൽ അവരുടെ നിലപാടുകൾ വ്യക്തമാക്കാൻ കഴിയാത്തതിന്റെ ഫലമായാണ് ഒളിച്ചോട്ടം നടത്തിയിട്ടുള്ളത്. പ്രതിപക്ഷം തിരിച്ചുവരുമ്പോൾ എനിക്ക് അവസരം ലഭിക്കുകയാണെങ്കിൽ അപ്പോൾ കൂടുതൽ കാര്യങ്ങൾ പറയാം. രണ്ട് ഭേദഗതികളെയും ശക്തമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. വി. ജോയി: സർ, 2018-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

രണ്ട് ഭേദഗതികളിൽ പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രീ. സി. ദിവാകരൻ ഇവിടെ സൂചിപ്പിച്ചു. സഹകരണ മേഖലയെ സംബന്ധിച്ച് എല്ലായ്പ്പോഴും പറയുന്നതുപോലെ ഇന്ത്യയ്ക്കുതന്നെ മാതൃകയായിട്ടുള്ള സഹകരണ പ്രസ്ഥാനമാണ് ഇന്ന് കേരളത്തിലുള്ളത്. കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇടപെടാത്ത ഒരു വിഷയവും ഇന്ന് കേരളീയ സമൂഹത്തിൽ നിലനിൽക്കുന്നില്ല. എല്ലാ പ്രവർത്തനങ്ങളിലും സഹകരണ പ്രസ്ഥാനത്തിന്റെ ഒരു ടച്ച് നിലനിൽക്കുകയാണ്. ഇന്ത്യയിലെ സഹകരണ നിക്ഷേപങ്ങളുടെ കണക്ക് പരിശോധിച്ചാലും കേരളത്തിലാണ് അതിന്റെ ഏറ്റവും വലിയ തോതെന്ന് മനസ്സിലാക്കാൻ സാധിക്കും. കാലാകാലങ്ങളിൽ സഹകരണ പ്രസ്ഥാനത്തിന് മുന്നേറുന്നതിനുള്ള എല്ലാ നിലപാടുകളും അതത് കാലത്തെ സഹകരണ വകുപ്പ് നിയമത്തിന്റെ ഭാഗമായിത്തന്നെ കൊണ്ടുവരാറുണ്ട്. അങ്ങനെയാണ് ഇന്ത്യയ്ക്ക് മാതൃകയാകുന്ന നിലയിലേയ്ക്ക് നമ്മുടെ സഹകരണ പ്രസ്ഥാനം മാറിയിട്ടുള്ളത്. ഇവിടെ ഇന്ന് രണ്ട് ബില്ലുകളാണ് പ്രധാനമായും ചർച്ചയ്ക്ക് വന്നിട്ടുള്ളത്. അതിൽ ഒന്ന് ടൂറിസവുമായി ബന്ധപ്പെട്ട സംഘങ്ങളെ സംബന്ധിച്ചുള്ളതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ടൂറിസത്തിന് അനന്തമായ

സാധ്യതകളാണുള്ളത്. ആ സാധ്യതകൾ ഏതെങ്കിലും ചില സ്വകാര്യ വ്യക്തികളോ സ്വകാര്യ കമ്പനികളോ സംരംഭകരോ ചേർന്ന് തട്ടിയെടുക്കുന്ന സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത്. അതിൽ സംസ്ഥാന ഗവൺമെന്റിനോ സഹകരണ മേഖലയ്ക്കോ യാതൊരു പങ്കുമില്ല. പ്രസ്തുത സാഹചര്യത്തിൽ ഈ മേഖലയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടൽ വളരെ അനിവാര്യമാണ്. ഇന്ന് ടൂറിസം മേഖല, പ്രത്യേകിച്ചും കേരളത്തിൽ, മാറിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ബഹുമാന്യനായ കടകംപള്ളി സുരേന്ദ്രൻ ടൂറിസം വകുപ്പിന്റെ ചുമതലയെടുത്തതിനുശേഷം വളരെ ചിട്ടയായ പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടക്കുകയാണ്. ഓരോ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളും കണ്ടെത്തി അതിന്റെ വിപുലീകരണത്തിന് സാധ്യമായ കാര്യങ്ങൾ ചെയ്തുകൊണ്ടാണ് കഴിഞ്ഞ രണ്ടര വർഷമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. തിരുവനന്തപുരത്തുള്ള ശംഖുമുഖം, ആക്കുളം, ലോകപ്രശസ്തി നേടിയിട്ടുള്ള വർക്കല തുടങ്ങിയ ടൂറിസവുമായി ബന്ധപ്പെട്ട, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് പ്രത്യേകമായി രൂപകല്പന ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ടൂറിസം മേഖലയിൽ നടപ്പിലാക്കിവരുന്നത്.

ഇതിന്റെ ഭാഗമായി വിദേശികളായുള്ള ടൂറിസ്റ്റുകൾ മാത്രമല്ല, നല്ലൊരു ശതമാനം ആഭ്യന്തര ടൂറിസ്റ്റുകളും കേരളത്തിലേയ്ക്ക് വരുന്നുണ്ട്. കണക്കുകൾ പരിശോധിച്ചാൽ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം വളരെയധികം വർദ്ധിച്ചതായി കാണാൻ കഴിയും. ഈ സാഹചര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്തണം. അത് സഹകരണ മേഖലയിൽ കൂടിയാകുമ്പോൾ അഴിമതിരഹിതമായുള്ള നിലയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇപ്പോഴത്തെ ടൂറിസം സംഘങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നും ശരിയായ നിലയിലല്ല പ്രവർത്തിക്കുന്നത്. സഹകരണ സ്ഥാപനങ്ങൾക്കെല്ലാം പരിധി നിശ്ചയിച്ചിട്ടുണ്ട്. പ്രവർത്തനപരിധി ഒരു പ്രധാനപ്പെട്ട കാര്യമാണ്. എന്നാൽ ടൂറിസം സംഘങ്ങളെ സംബന്ധിച്ചിടത്തോളം സംസ്ഥാന വ്യാപകമായി പ്രവർത്തിക്കുന്ന സംഘങ്ങൾ വരെയുണ്ട്. ഒന്നും രണ്ടും റവന്യൂ ജില്ലകൾ ചേർന്നുകൊണ്ടുള്ള ടൂറിസം സംഘങ്ങൾ ഇന്ന് പ്രവർത്തിക്കുന്നു. എന്നാൽ രജിസ്ട്രേഷൻ നടത്തിയതിനുശേഷം ഒരു പ്രവർത്തനവും നടത്താതെ നാമമാത്രമായി മുന്നോട്ട് പോകുന്ന സംഘങ്ങളുമുണ്ട്. ഇതിനെ ഏകീകൃത രൂപത്തിലേയ്ക്ക് കൊണ്ടുവന്ന് നല്ല പ്രവർത്തനശേഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനാണ് ഈ ബിൽ സഭയിൽ അവതിരിപ്പിച്ചിട്ടുള്ളത്. ഇതിന്റെ

ഘടന വളരെ കൃത്യമാണ്. ടൂറിസവുമായി ബന്ധപ്പെട്ട് അപ്പക്സ് ബോഡിയുണ്ട്. ഇതിന്റെയെല്ലാം പ്രവർത്തന മേഖല കേന്ദ്രീകരിച്ചുകൊണ്ട് താലൂക്ക് ബെയ്സ് ചെയ്തിട്ടുള്ള ടു ടയർ സിസ്റ്റത്തിലേയ്ക്കാണ് ഇത് വിഭാവന ചെയ്തിട്ടുള്ളത്. താലൂക്ക്തല പ്രവർത്തന മേഖലയും അതിന്റെ അപ്പക്സ് ബോഡിയും എന്ന നിലയിലാണ് ഈ ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. സ്വാഭാവികമായും വളരെ നന്നായി പ്രവർത്തനങ്ങൾ കൊണ്ടുപോകുന്നതിനുള്ള മാർഗ്ഗദർശനമാണ് ബില്ലിൽ അടങ്ങിയിട്ടുള്ളതെന്നാണ് ആദ്യം സൂചിപ്പിക്കാനുള്ളത്. രണ്ടാമത്തേത്, മിൽമയുമായി ബന്ധപ്പെട്ടുള്ളതാണ്. അതുസംബന്ധിച്ച് ശ്രീ. സി. ദിവാകരൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മിൽമയിൽ ജനാധിപത്യം എത്രത്തോളമുണ്ടെന്ന് പരിശോധിക്കണം. ജനാധിപത്യത്തിന്റെ കുറവ് മിൽമയെ സംബന്ധിച്ചിടത്തോളം ഇന്ന് നിഴലിച്ചുകാണുകയാണ്. മൂന്ന് റീജിയണുകളിലായാണ് മിൽമയുടെ തെരഞ്ഞെടുപ്പ് നടക്കുന്നത്. എല്ലാവരുംകൂടി വോട്ട് ചെയ്ത് അപ്പക്സ് ബോഡിയിലേയ്ക്ക് ആളുകളെ തെരഞ്ഞെടുക്കുന്ന അശാസ്ത്രീയമായ രീതി നിലനിൽക്കുന്നുണ്ട്. ആ രീതിക്ക് മാറ്റം വരുത്തി ജില്ലാതലത്തിൽ ഒരു തെരഞ്ഞെടുപ്പ് നടത്തണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ അനന്തമായ സാധ്യതകളാണ് ഇന്ന്

മിൽമയ്ക്കുള്ളത്. ആനന്ദ് മോഡലായിരുന്നാലും ശരി, മറ്റേതെങ്കിലും രൂപത്തിലാണെങ്കിലും ശരി, നമ്മുടെ നാട്ടിലെ ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം കൂടുതൽ ഗുണം നൽകാൻ കഴിയുന്ന തരത്തിലാണ് ഇത് വിഭാവനം ചെയ്യുന്നത്. ക്ഷീരോൽപ്പാദന രംഗത്ത് കേരളം കഴിഞ്ഞ കുറച്ചുനാളുകളായി വളരെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. പാലുൽപ്പാദനത്തിന്റെ കാര്യത്തിൽ നമ്മളേറെ മുന്നോട്ടുപോയിട്ടുണ്ട്. ഇന്ന് പശുവിനെ വളർത്തി ജീവിക്കുന്ന ചെറുകിട കർഷകരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. അവർ കൊടുക്കുന്ന ഗുണമേന്മയുള്ള പാലിന് കൃത്യമായ വില നൽകുക, അതിനകത്തെ മറ്റ് പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയുന്ന, കൂടുതൽ ജനകീയ ഭാവവും സ്വഭാവവുമുള്ള തരത്തിലേയ്ക്ക് മിൽമയുടെ പ്രവർത്തനത്തെ കൊണ്ടുവരണം. 'അട്ടിപ്പേർ കണക്ക്' ചില ആളുകൾ ഇതിനെ കൊണ്ടുനടക്കുന്ന ഒരു സാഹചര്യമുണ്ട്. ജനാധിപത്യപരമായിട്ടല്ല മിൽമയുടെ പ്രവർത്തനങ്ങൾ ഇന്ന് നടന്നുവരുന്നത്. പാലുൽപ്പാദകരെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ഗുണപ്രദമാകുന്നതിനുവേണ്ടിയാണ് രണ്ടാമത്തെ ബില്ലും ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം

കൂടുതൽ ഉണർവ്വേകുന്ന തരത്തിലുള്ള ബില്ലുകളാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ അവസരത്തിൽ അതിനെ അനുകൂലിക്കുകയാണ്. ഇന്ന് രാവിലെ ശ്രീ. മഞ്ഞളാംകുഴി അലി നിയമസഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് സംസാരിച്ചു. ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെ എം.ഡി.-യായി യു.ഡി.എഫ്. ഭരണകാലത്ത് നിയമിതനായ ശ്രീ. ഹനീഫ പെരിഞ്ചീരി തന്റെ ബന്ധുവല്ലെന്നാണ് പറഞ്ഞത്. എന്നാൽ അത് നിയമസഭയെ തെറ്റിദ്ധരിപ്പിക്കലായിരുന്നു. ബന്ധുത്വത്തിന്റെ കണക്കുപറഞ്ഞാൽ ശ്രീ. മഞ്ഞളാംകുഴി അലിയുടെ സഹോദരന്റെ മകനായി വരും ഈ ഹനീഫ പെരിഞ്ചീരി. അത് മറച്ചുവച്ചുകൊണ്ടാണ് ഇവിടെ ആ കാര്യം പറഞ്ഞത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എല്ലാ പൊതുമേഖലയിലും ഡയറക്ടർ ബോർഡിൽ മുസ്ലീം ലീഗിന്റെ ഏഴും എട്ടും ആളുകളെ നിയമിച്ച്, തിരുവനന്തപുരത്ത് കാസർഗോഡ് നിന്നുള്ള ആളെയും കാസർഗോഡ് തിരുവനന്തപുരത്തുള്ള ആളെയും നിയമിച്ച് ബോർഡ് നശിപ്പിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉദാഹരണത്തിന്, കുണ്ടറയിലെ ചെറിയൊരു പൊതുമേഖലാ സ്ഥാപനമായ കേരള ക്ലേയ്സ് ആന്റ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡിൽ മുസ്ലീം ലീഗിൽനിന്ന് മാത്രം ഏഴുപേരാണുണ്ടായിരുന്നത്. അങ്ങനെ ഓരോ പൊതുമേഖലാ സ്ഥാപനമെടുത്തുനോക്കിയാലും ഏഴും എട്ടുമൊക്കെ ആളുകളുണ്ട്. കൊല്ലം ജില്ലയിലെ പ്രവർത്തനം നിലച്ച കാഷ്യൂ കോർപ്പറേഷനിൽ മുസ്ലീം ലീഗിന്റെ മാത്രം പ്രതിനിധികളായി 8 പേരാണ് ബോർഡിലുണ്ടായിരുന്നത്. ഇങ്ങനെ ധാരാളം ആളുകളെ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളായി നിയമിച്ച് പൊതുമേഖലയെ നശിപ്പിച്ചിട്ടുള്ള ആ നയത്തെക്കുറിച്ച് അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. വി. ജോയി</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. വ്യവസായ വകുപ്പിലും വിദ്യാഭ്യാസ വകുപ്പിലും ഏറ്റവും കൂടുതൽ ബന്ധുനിയമനവും അഴിമതി നിയമനവും നടത്തിയവരാണ് ഇവിടെനിന്ന് 'നല്ല പിള്ള ചമഞ്ഞ് വർത്തമാനം പറഞ്ഞതെന്നുള്ളത് വളരെ ശരിയായ ഒരു കാര്യമാണ്. ഇവിടെ രണ്ട് സമരങ്ങൾ നടക്കുകയാണ്. ഒരു സമരം സെക്രട്ടേറിയറ്റിന്റെ മുമ്പിൽ നടക്കുമ്പോൾ മറ്റൊരു കൂട്ടർ നിയമസഭാ കവാടത്തിന്റെ മുമ്പിൽ സമരം നടത്തുകയാണ്. ഇവർക്കെന്തുകൊണ്ട് പുറത്തേയ്ക്ക്

സമരം നടത്തിക്കൂടായെന്ന് ഞാൻ വിനീതമായി ചോദിക്കുകയാണ്. കാരണം, പുറത്തേയ്ക്ക് സമരം നടത്തിയാൽ എന്താണ് കാര്യമെന്ന് ജനങ്ങൾ ചോദിക്കും. ഇതാരും കാണാത്ത ഒരു സ്ഥലത്ത് മൂന്നാളുകൾ ഇന്നലെ മുതൽ സമരം നടത്തുകയാണ്. എന്തൊരു വിരോധാഭാസമാണ്. ജയിലിൽ കിടക്കുന്ന ശ്രീ. കെ. സുരേന്ദ്രനെ പിന്തുണച്ച് കോൺഗ്രസിന്റെ നേതാക്കൾത്തന്നെ പരസ്യമായി രംഗത്തുവരുന്ന ഒരു ചിത്രം നമ്മുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുകയാണ്. കെ.പി.സി.സി.-യുടെ നിർവ്വാഹക സമിതിയംഗവും കോർപ്പറേഷൻ കൗൺസിലറുമായ അഡ്വ. പി. എം. നിയാസാണ് പരസ്യ പ്രസ്താവനയിലൂടെ ശ്രീ. കെ. സുരേന്ദ്രനെ പിന്തുണച്ച് വന്നിട്ടുള്ളത്. ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാണിത് എന്നുള്ളതാണ് ഇതിലൂടെ കാണിക്കുന്നത്. കൂടുതൽ കാര്യങ്ങൾ പറയണമെന്നുണ്ട്. പക്ഷെ, യു.ഡി.എഫ്.-ലെ ആരുംതന്നെ സഭയിൽ ഇല്ലാത്തതുകൊണ്ട് അത്തരം കാര്യങ്ങളിലേയ്ക്ക് കടക്കാതെ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ ആമുഖമായി പറഞ്ഞതുപോലെ നമ്മുടെ സഹകരണ മേഖലയുടെയും അതുപോലെതന്നെ കേരളത്തിന്റെ രണ്ട്

പ്രധാനപ്പെട്ട സാമ്പത്തിക സ്രോതസ്സുകളായ പാലുൽപ്പാദനം, ടൂറിസം എന്നീ മേഖലകളുടെയും വികസനത്തിനും പുരോഗതിക്കുമെല്ലാം സഹായകമാകുന്ന തരത്തിലുള്ള നിയമ ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ ബഹുമാന്യനായ അംഗം ശ്രീ. സി. ദിവാകരൻ, സഹകരണ മേഖലയിൽ കാണുന്ന അഴിമതിയെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞതിൽ കുറച്ചൊക്കെ വാസ്തവമുണ്ട്. നമ്മുടെ സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനത്തെ അഴിമതിവിമുക്തമാക്കി മുന്നോട്ടുനയിക്കണമെന്നതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. കണ്ണൂരിൽ ചേർന്ന എട്ടാമത് സഹകരണ കോൺഗ്രസ് അഴിമതിക്കെതിരായ അത്യന്തം തീവ്രമായ നിലപാട് സ്വീകരിക്കാൻ കേരളത്തിലെ സഹകാരി സമൂഹത്തോട് അഭ്യർത്ഥിക്കുന്ന പ്രമേയം പാസ്സാക്കുക മാത്രമല്ല കേരളത്തിന്റെ നാനാഭാഗത്തുനിന്നും എത്തിച്ചേർന്ന മൂവായിരത്തോളം വരുന്ന പ്രതിനിധികൾ (അവരാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ നയിക്കുന്നത്) അഴിമതിവിരുദ്ധ പ്രതിജ്ഞ സ്വീകരിച്ചുകൊണ്ടാണ് 8-ാം സഹകരണ കോൺഗ്രസിന് കൊടിയിറങ്ങിയത്. അവിടവിടെ ചില ആളുകൾ നടത്തുന്ന അഴിമതി സഹകരണ മേഖലയ്ക്ക് ഒരു പുഴക്കുത്ത് തന്നെയാണെന്ന കാര്യത്തിൽ

സംശയമില്ല. അത്തരം അഴിമതികൾ കൃത്യമായി കണ്ടെത്തുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്താനായി ഗവൺമെന്റ് ഈ കാലയളവിൽ പരിശ്രമിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് തിരുവനന്തപുരത്തുതന്നെ ഒരു സഹകരണ ബാങ്കിൽ വ്യാജ സ്വർണ്ണംവച്ച് വലിയ തോതിൽ തട്ടിപ്പ് നടത്തിയ സംഗതി പുറത്തുവന്നതിനെത്തുടർന്ന് കേരളത്തിലെമ്പാടുമുള്ള സഹകരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണത്തിൽ ഏതെങ്കിലും തരത്തിൽ വ്യാജൻ കടന്നുകൂടിയിട്ടുണ്ടോ എന്നുള്ള പരിശോധന നടത്തുന്നതിന് വകുപ്പ് തീരുമാനമെടുക്കുകയും സമയബന്ധിതമായി നമ്മുടെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണം മുഴുവൻ യഥാർത്ഥ സ്വർണ്ണം തന്നെയാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യാൻ സാധിച്ചിട്ടുണ്ട്. അതുമാത്രമല്ല, മൂന്ന് മാസംകൂടുമ്പോൾ എല്ലാ സംഘങ്ങളിലും സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണം യഥാർത്ഥ സ്വർണ്ണംതന്നെയാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനയും ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥരുടെ ഗൗരവതരമായ പരിശോധനയും നടത്തുന്നതിനുവേണ്ടിയുള്ള ഒരു വ്യവസ്ഥയുണ്ടാക്കിയിട്ടുണ്ട്. ജീവനക്കാർക്കെല്ലാംതന്നെ അതിനകത്ത്, ഉത്തരവാദിത്വം നിശ്ചയിക്കുന്നുണ്ട്. ഒപ്പംതന്നെ തെരഞ്ഞെടുക്കപ്പെടുന്ന

സഹകരണ സംഘങ്ങൾക്ക് നേതൃത്വം നൽകുന്ന സഹകാരികൾക്കും ഇതിനകത്ത് ഉത്തരവാദിത്വമുണ്ടെന്നുള്ള നിലയിൽ ആവശ്യം വേണ്ടതായ മാറ്റങ്ങൾ ഈ മേഖലയിൽ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. നമ്മൾ കണ്ടെത്തിയിട്ടുള്ള, മാവേലിക്കരയിലെ ഒരു സഹകരണ ബാങ്കിൽ ഒരു ജീവനക്കാരി നടത്തിയ കൊള്ളയുണ്ട്. അതെല്ലാംതന്നെ ഗവൺമെന്റ് കർശനമായ നടപടിക്ക് വിധേയമാക്കിയിട്ടുണ്ട്. ഈ മേഖലയിൽ അഴിമതിക്കാരെ വച്ച് പൊറുപ്പിക്കില്ല, അതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുമെന്ന സമീപനംതന്നെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അഴിമതി അന്വേഷിക്കുന്നതിനുവേണ്ടി സഹകരണമേഖലയിൽ യഥാർത്ഥത്തിലൊരു വിജിലൻസ് വിഭാഗമുണ്ട്. ആ സംവിധാനം ഇന്ന് നിലനിൽക്കുകയാണ്. അതുകൂടാതെതന്നെ പോലീസിന്റെ വിജിലൻസ് വിഭാഗവും ഡിപ്പാർട്ടുമെന്റിന്റെ വിജിലൻസ് വിഭാഗവുമുണ്ട്. ഈ വിഭാഗത്തിന്റെയെല്ലാം പരിശോധന അവശ്യം വേണ്ടതായ എല്ലാ സ്ഥലങ്ങളിലും നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എല്ലാ മേഖലയിലും അഴിമതി ഒരു കലയാക്കി വളർത്തുന്നുണ്ടായിരുന്നു.

ഇന്നതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ ഗവൺമെന്റിനെ അഴിമതി ബാധിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് നടത്തിയ പ്രസംഗം യഥാർത്ഥത്തിൽ വളരെ പരിഹാസ്യമായിട്ടുള്ള ഒരു പ്രസംഗമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെയൊരു ചൊരുക്കാണ് യഥാർത്ഥത്തിൽ ഇന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉണ്ടായത്. അദ്ദേഹത്തിന്റെ പാർട്ടി നേതാക്കൻമാരും അദ്ദേഹത്തോടൊപ്പം നിൽക്കുന്ന ആളുകളുംകൂടെ ചേർന്ന് കൺസ്യൂമർഫെഡ് എന്ന സ്ഥാപനത്തെ അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റുകയാണുണ്ടായത്, അത് അദ്ദേഹത്തിനുതന്നെ നേരിട്ടറിയാം. അഴിമതിയിലൂടെ ഒരു മഹത്തായ സഹകരണസ്ഥാപനത്തെ 400 കോടിയിലധികം രൂപ സഞ്ചിത നഷ്ടത്തിലേക്ക് കൊണ്ടെത്തിച്ച നേതാക്കൻമാരാണ് ഇന്നിപ്പോൾ മറുഭാഗത്ത് നിൽക്കുന്നത്. അവരാണ് അഴിമതിയെക്കുറിച്ച് സംസാരിക്കുന്നത്. ഈ മേഖലയിൽ അഴിമതി തുടച്ചുനീക്കുന്നതിനുവേണ്ടി നടത്തിയ പരിശ്രമത്തിന്റെ ഭാഗമായി അഴിമതിയിൽ മുങ്ങിക്കുളിച്ചു കിടന്നിരുന്ന കൺസ്യൂമർഫെഡിനെ കഴിഞ്ഞ 2 വർഷക്കാലമായി പ്രവർത്തന ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചത് ചെറിയൊരു കാര്യമല്ല. ഇന്ന് അഴിമതിരഹിതമായിട്ടുള്ള ഒരു സഹകരണ സ്ഥാപനമാക്കി കൺസ്യൂമർഫെഡിനെ മാറ്റിത്തീർക്കാൻ സാധിച്ചു.

കൺസ്യൂമർഫെഡിന്റെ കാര്യത്തിൽ പ്രതിപക്ഷത്തിനുപോലും ഒരാക്ഷേപം ഉന്നയിക്കാൻ സാധിക്കില്ല. ആ നിലയിൽ അവർ അഴിമതിയെ ഒരു കലയാക്കി വളർത്തുകയും എല്ലാ മേഖലകളേയും അഴിമതി നടത്താൻ വേണ്ടിയുള്ള മേഖലകളാക്കി മാറ്റുകയും ചെയ്തു. പണ്ടുകാലത്ത് സഹകരണ മേഖല പ്രായേണ അഴിമതിവിമുക്തമായ ഒരു മേഖലയായിരുന്നു. നാടിനോട് കൂറും സ്നേഹവുമുള്ള സഹകാരികളാണ് സഹകരണമേഖല സൃഷ്ടിച്ചതും അതിനെ ശക്തിപ്പെടുത്തിക്കൊണ്ടുവന്നതും. ഡയറക്ടർ ബോർഡ് മീറ്റിംഗ് ചേർന്നാൽ ഒരു ചായ പോലും വാങ്ങി കുടിക്കാൻ പാടില്ല എന്നു കരുതിയിട്ടുള്ള സഹകാരി സമൂഹമാണവർ. അവരാണ് കേരളത്തിലെ ഇത്രയും വിപുലമായിട്ടുള്ള സഹകരണപ്രസ്ഥാനത്തെ കെട്ടിപ്പടുത്ത് മുന്നോട്ടുകൊണ്ടുവന്നത്. പക്ഷെ ആ മേഖലയെപ്പോലും അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റാൻ സാധിക്കുമെന്ന് തെളിയിച്ചവരാണ് യു.ഡി.എഫ്. അത് കൺസ്യൂമർഫെഡിന്റെ കാര്യത്തിൽ മാത്രമല്ല, സഹകരണമേഖലയിലെ മറ്റ് പല കാര്യങ്ങളിലും അങ്ങനെയാണ്. അതിനെ അഴിമതി വിമുക്തമാക്കിക്കൊണ്ടുവരിക എന്ന അത്യന്തം ഗൗരവതരമായിട്ടുള്ള ഉത്തരവാദിത്തമാണ് യഥാർത്ഥത്തിൽ ഗവൺമെന്റ് ഈ കാര്യത്തിൽ ഏറ്റെടുത്തിരിക്കുന്നത് എന്ന കാര്യം ഈ സന്ദർഭത്തിൽ

ചൂണ്ടിക്കാണിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ മറ്റൊരു കാര്യം, നമ്മുടെ ടൂറിസം സംഘങ്ങളുടെ പ്രവർത്തന പരിധി താലൂക്കടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു ഭേദഗതിയാണ് അവിടെ അവതരിപ്പിച്ചത്. അങ്ങനെ താലൂക്കടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിനായി ആവശ്യമെങ്കിൽ മാത്രമാണ് യഥാർത്ഥത്തിൽ സ്പെഷ്യൽ ഓഫീസർമാരെ നിയമിക്കേണ്ടി വരുന്നത്. സ്പെഷ്യൽ ഓഫീസർമാരെ നിയമിക്കുകയെന്നു പറഞ്ഞാൽ അത് പുറത്തുനിന്ന് നിയമിക്കുന്നു എന്നുള്ള ധാരണയിലാണെന്നു തോന്നുന്നു ബഹുമാനപ്പെട്ട മെമ്പർ അത് അനാവശ്യമായിട്ടുള്ള ഒരു ചെലവായിരിക്കും എന്ന് സൂചിപ്പിച്ചത്. പുറത്തുനിന്ന് ഒരാളേയും ഇത് ക്രമീകരിക്കുന്നതിനുവേണ്ടിയിട്ടുള്ള സ്പെഷ്യൽ ഓഫീസർമാരായി നിയമിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. സഹകരണവകുപ്പ് ഉദ്യോഗസ്ഥരെ തന്നെയാണ് അവശ്യം വേണ്ട സ്ഥലങ്ങളിൽ സ്പെഷ്യൽ ഓഫീസർമാരായി നിയമിക്കുന്നത്. ചില സംഘങ്ങളുടെ പ്രവർത്തന പരിധി എന്നുപറയുന്നത് ഒന്നിലധികം താലൂക്കുകൾ അല്ലെങ്കിൽ ഒന്നിലധികം ജില്ലകൾ അല്ലെങ്കിൽ സംസ്ഥാനമാകെയാണ്. അതിനെ ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള ഉത്തരവാദിത്വം സ്പെഷ്യൽ ഓഫീസർമാർക്കാണ് നൽകുക. ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥൻമാർ തന്നെയാകും സ്പെഷ്യൽ ഓഫീസർമാരായി പ്രവർത്തിക്കുക. അതിനുവേണ്ടി

പ്രത്യേകമായ ചെലവൊന്നുംവേണ്ടി വരില്ല എന്നതാണ് അതിനെ സംബന്ധിച്ചിടത്തോളം സൂചിപ്പിക്കാനുള്ളത്.

അദ്ദേഹം സൂചിപ്പിച്ച മിൽമയുടെ കാര്യത്തെ സംബന്ധിച്ച്, ശ്രീമതി ലിഡാ ജേക്കബ്ബ് അദ്ധ്യക്ഷയായിട്ടുള്ള ഈ കമ്മിറ്റിയുടെ റിപ്പോർട്ട് നമ്മുടെ സംസ്ഥാനത്ത് ക്ഷീര മേഖലയുടെ എല്ലാ വിശദാംശങ്ങളും വളരെ ഫലപ്രദമായി പഠിച്ച് തയ്യാറാക്കി അവതരിപ്പിച്ചിട്ടുള്ള ഒരു റിപ്പോർട്ട് തന്നെയാണ്. ആ റിപ്പോർട്ടിൽ ക്ഷീരമേഖലയെ പുനഃസംവിധാനം ചെയ്യുകയെന്നത് മാത്രമല്ല എങ്ങനെ ക്ഷീര ഉൽപ്പാദനത്തിന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിച്ചേരാമെന്നും അധികം ഉൽപാദനം നടത്തി സംസ്ഥാനത്തിന് പുറത്ത് വിൽപ്പന നടത്തുന്ന ഒരു സംസ്ഥാനമായി കേരളത്തെ മാറ്റാൻ സാധിക്കും എന്നെല്ലാം വളരെ വിശദമായി ചർച്ച ചെയ്യുന്ന ഒരു സമഗ്രമായ റിപ്പോർട്ട് ആണ് ശ്രീമതി ലിഡാ ജേക്കബ്ബ് കമ്മിറ്റി റിപ്പോർട്ട്. അതിൽ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയുള്ള ഒരു ചെറിയ ഭാഗം മാത്രമാണ് നിയമഭേദഗതിയിലൂടെ കൊണ്ടുവരുന്നത്. ഭരണ വകുപ്പായ ക്ഷീര വകുപ്പ് ബാക്കികാര്യങ്ങളിൽ നിശ്ചയമായും നടപടികൾ സ്വീകരിക്കും എന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ ചെറിയ പോർഷൻ ഒഴിച്ച് ബാക്കി ഭാഗത്തെല്ലാം

ഉന്നയിക്കപ്പെടുന്ന കാര്യങ്ങളൊക്കെത്തന്നെ ക്ഷീര വകുപ്പ് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. ഈ കാലത്തിനുള്ളിൽ തന്നെ ക്ഷീര മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റം നമുക്ക് കൃത്യമായിട്ടും അടയാളപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നമ്മുടെ ആവശ്യത്തിന്റെ 63% ആണ് നമ്മുടെ സംസ്ഥാനത്ത് ക്ഷീരോല്പാദനമുണ്ടായിരുന്നതെങ്കിൽ കേവലം രണ്ടര വർഷക്കാലംക്കൊണ്ട് അത് 83 ശതമാനത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് അഭിമാനകരമായ നേട്ടം തന്നെയാണ്. ക്ഷീരമേഖലയിലുണ്ടായിട്ടുള്ള വലിയ ഒരു മാറ്റം തന്നെയാണ് അതിനകത്ത് കാണാൻ കഴിയുന്നത്. പക്ഷെ ഈ സമീപ കാലത്തുണ്ടായ പ്രളയം മറ്റു പല മേഖലകളെയും പോലെ കാർഷികാനുബന്ധ മേഖകളിലുണ്ടാക്കിയിട്ടുള്ള ദുരന്തവും ദുരിതവും വലുതാണെന്ന് നമ്മൾ ചർച്ച ചെയ്തിട്ടുള്ളതാണ്. ക്ഷീര മേഖലയിലും അത് ഉണ്ടാക്കിയിട്ടുണ്ട്. ലക്ഷക്കണക്കിന് കന്നുകാലികളും മറ്റും ആണ് ഈ പ്രളയത്തിൽപ്പെട്ട് ചത്തൊടുങ്ങിപ്പോയത്. അതിന്റെയെല്ലാം ഭാഗമായി ഈ സന്ദർഭത്തിൽ ചില പ്രതിസന്ധികളും പ്രതിബന്ധങ്ങളും ക്ഷീരമേഖല നേരിടുന്നുണ്ടെന്നുള്ളത് യഥാർത്ഥ്യമാണ്. പക്ഷെ നിശ്ചയമായും നമുക്കതിനെ മുറിച്ചുകടക്കാൻ സാധിക്കുമെന്ന് തന്നെയാണ് അതിനെ

സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

നമ്മുടെ സംസ്ഥാനത്തിലെ സഹകരണ മേഖല പുതിയ തലങ്ങളിലേയ്ക്ക് പ്രവേശിക്കുന്ന ഒരു സന്ദർഭമാണ്. ഇവിടെ സൂചിപ്പിക്കുകയുണ്ടായി, നമ്മുടെ സംസ്ഥാനത്ത് ജനങ്ങളുമായി വളരെയേറെ ഇടപഴകി ജനങ്ങളുടെ ജീവിതവുമായി വളരെ ബന്ധപ്പെട്ട് നിൽക്കുന്ന പ്രസ്ഥാനമെന്നുള്ള നിലയിൽ സഹകരണപ്രസ്ഥാനം വലിയ തോതിൽ മുന്നോട്ടുവരികയാണ്. ഇപ്പോൾത്തന്നെ, ഇവിടെ ഉണ്ടായിട്ടുള്ള പ്രളയത്തിൽ വലിയ നാശനഷ്ടമാണ് ഉണ്ടായതെന്ന് നമ്മൾ വിലയിരുത്തിയിട്ടുണ്ട്. നമ്മെ സഹായിക്കേണ്ട കേന്ദ്രഗവൺമെന്റിന്റെ സഹായത്തെ സംബന്ധിച്ചെല്ലാംത്തന്നെ പുറത്തുവന്നിട്ടുള്ള കാര്യങ്ങൾ കേൾക്കുമ്പോൾ നമുക്കെല്ലാം വളരെയേറെ പ്രയാസമാണുണ്ടാകുന്നത്. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് ഒരു സംസ്ഥാനത്തോട് ഇങ്ങനെ രാഷ്ട്രീയമായിട്ടുള്ള പക്ഷപാതത്തോടെ പെരുമാറാമോ? വളരെ തരംതാണ ഒരു തരം പകപോക്കൽ നയം കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കാമോ എന്ന് നമുക്ക് തോന്നുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നത്. 31,000 കോടി രൂപയുടെ നാശമാണ് പ്രളയം നമ്മുടെ സംസ്ഥാനത്തിന് സമ്മാനിച്ചതെന്ന് ലോകബാങ്ക് തന്നെ പറയുമ്പോൾ കേവലം 600 കോടി രൂപ ഇടക്കാലാശ്വാസം എന്നുള്ള നിലയിൽ

നൽകുന്നതായി പ്രഖ്യാപിച്ചിട്ട് അതിൽനിന്ന് 300-ൽ അധികം കോടി രൂപ തിരികെയെടുക്കുന്ന അപമാനകരമായിട്ടുള്ള കാഴചയ്ക്കാണ് ഇന്ന് കേരളം സാക്ഷ്യം വഹിച്ചത്. പ്രളയകാലത്ത് നമുക്ക് നൽകിയ അരിയും മണ്ണെണ്ണയും എല്ലാം യഥാർത്ഥത്തിൽ പ്രളയത്തെ അതിജീവിക്കുന്നതിനുവേണ്ടി നമുക്ക് ലോകത്തെങ്ങുനിന്നും കിട്ടിയ സംഭാവന പോലെ ഒരു സംഭാവനയായിരിക്കും എന്നാണ് നമ്മൾ കരുതിയതെങ്കിൽ അതിനെല്ലാം വില നിശ്ചയിക്കുന്ന ഒരു അവസ്ഥ നമുക്ക് കാണാൻ സാധിച്ചു. അതുപോലെതന്നെ അക്കാലത്ത് പട്ടാളക്കാരും നേവിയും എയർ ഫോഴ്സും വന്ന് ആളുകളെ രക്ഷിച്ചതിനുള്ള വലിയ കൂലി ചോദിച്ചത് കേട്ടപ്പോൾ യഥാർത്ഥത്തിൽ നമ്മുടെ നാട് ഞെട്ടിത്തരിച്ച് നിൽക്കുന്ന ഒരു അവസ്ഥാവിശേഷമാണുണ്ടായത്. അതുമാത്രമല്ല വിദേശരാജ്യങ്ങളിൽനിന്ന് നമുക്ക് ലഭ്യമാകുമായിരുന്ന സഹായം പുറം കാലുകൊണ്ട് തട്ടിത്തെറിപ്പിക്കുന്ന അവസ്ഥയും ഉണ്ടായി. അതുകൂടാതെ ലോകത്തെവിടെയുമുള്ള മലയാളി സമൂഹത്തെക്കണ്ട് നമ്മുടെ നാടിനെ പുനർനിർമ്മിക്കുന്നതിന് വേണ്ടിയുള്ള സഹായം തേടാനുള്ള നമ്മുടെ അപേക്ഷ നിരസിക്കുന്ന അപമാനകരമായ സാഹചര്യമുണ്ടായി. അങ്ങനെ ഇൻഡ്യയ്ക്ക് മാതൃകയായി പ്രവർത്തിക്കുന്ന, ഏത് മേഖലയിലും നമ്മുടെ രാജ്യത്തിന് മാതൃകയായി മാത്രം വർത്തിക്കുന്ന നമ്മുടെ സംസ്ഥാനം, കേരളമില്ലാതെയുള്ള ഒരു

ഇൻഡ്യയെക്കുറിച്ച് ചിന്തിക്കാൻ ഏത് മേഖല എടുത്ത് നോക്കിയാലും സാധിക്കില്ല. സഹകരണമേഖലയിൽത്തന്നെ കേരളത്തിന് സമാനതകളില്ലാത്ത വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇൻഡ്യയിലേതെങ്കിലും ഒരു സംസ്ഥാനവുമായി കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് മത്സരിക്കേണ്ട കാര്യമില്ല. കാരണം, അത്ര വിപുലമായ പ്രസ്ഥാനമാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. അങ്ങനെ നാനാ മേഖലകളിലും ഇൻഡ്യയ്ക്ക് നേതൃത്വം കൊടുക്കുന്ന, ഇൻഡ്യയ്ക്ക് മാതൃകയായിട്ടുള്ള, മഹത്തായ നമ്മുടെ സംസ്ഥാനത്തിന്റെ ഈ ബുദ്ധിമുട്ടുകൾ പരിഗണിക്കുന്നതിനുപോലും തയ്യാറാകാതെ ഒരുതരം വൈരനിര്യാതന ബുദ്ധിയോടുകൂടി നമ്മുടെ സംസ്ഥാനത്തോട് രാഷ്ട്രീയമായിട്ടുള്ള അവരുടെ ഈർഷ്യ തീർക്കുന്നതിനുവേണ്ടി ഈ വലിയ ദുരന്തത്തെപ്പോലും ഉപയോഗപ്പെടുത്തുന്ന സാഹചര്യമാണ് നമ്മൾ കാണുന്നത്. നമുക്ക് നമ്മുടെ സംസ്ഥാനത്തെ പുനർനിർമ്മിക്കുക തന്നെ വേണം. അതിന് സഹായകരമായിട്ടുള്ള നിലപാട് രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും ലോകത്തിന്റെ പല ഭാഗത്തുനിന്നും മലയാളി സമൂഹം നമ്മുടെ സംസ്ഥാന ഗവൺമെന്റിന് നൽകുന്നതിനുവേണ്ടി തയ്യാറാകുന്ന ഘട്ടത്തിലാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം അതിന്റെ കയ്യൊപ്പ് ചാർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളുമായി ഇപ്പോൾ മുന്നോട്ടുവന്നിട്ടുള്ളത്.

പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട 16000 ത്തോളം വരുന്ന ആളുകളുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. അതിൽ 2000 ആളുകൾക്ക് സഹകരണ വകുപ്പ് അടിയന്തരമായി വീട് നിർമ്മിച്ച് കൊടുക്കുന്ന ബൃഹത്തായ ഒരു പദ്ധതിയുടെ ഉദ്ഘാടനം ആദരണീയനായ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ചെങ്ങന്നൂരിൽ നടത്തുകയുണ്ടായി. കേരളത്തിൽ ധാരാളം ഭവന പദ്ധതികൾ ഉണ്ടായിട്ടുണ്ട്. അതെല്ലാംതന്നെ ഓരോ കാലത്തേയും ശ്രദ്ധേയമായിട്ടുള്ള പദ്ധതികളായിരുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. ലക്ഷം വീട് പദ്ധതി മുതൽ ഇ.എം.എസ്. ഭവന പദ്ധതി വരെയുള്ള വിവിധ പദ്ധതികളെല്ലാംത്തന്നെ ആ കാലഘട്ടത്തിലെ വിപ്ലവകരമായിട്ടുള്ള പദ്ധതികൾ തന്നെയായിരുന്നുവെന്ന് കാണാൻ സാധിക്കും. പക്ഷെ, ആ പദ്ധതികൾക്കൊന്നും ലഭിക്കാത്ത ജനകീയ പിന്തുണ സഹകരണ പ്രസ്ഥാനം നിർമ്മിക്കുന്ന 'കെയർ ഹോം' എന്നു പറയുന്ന പദ്ധതിക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള വിപുലമായ ഒരു പ്രവർത്തന പരിപാടിയാണ് സഹകരണവകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 2000 വീടുകളും സഹകരണ സംഘങ്ങളാണ് നിർമ്മിച്ചുകൊടുക്കുന്നത്. സഹകരണ സംഘങ്ങൾക്ക് അതിനാവശ്യമായിട്ടുള്ള അഞ്ച് ലക്ഷം രൂപ വകുപ്പ് നൽകുന്നുണ്ട്. പക്ഷെ സഹകാരികളെല്ലാംകൂടി ചേർന്ന് രൂപീകരിക്കുന്നൊരു

നിർമ്മാണ കമ്മിറ്റിയും ഗ്രാമപഞ്ചായത്തും സഹകരണ സംഘത്തിന്റെ ഭാരവാഹികളുമൊക്കെത്തന്നെ ശ്രദ്ധിക്കുന്നൊരു മോണിറ്ററിംഗ് കമ്മിറ്റിയുമെല്ലാം ചേർന്ന് ജനങ്ങളുടെ സഹകരണത്തോടുകൂടി 2000 വീട് നിർമ്മിച്ചുകൊടുക്കുന്നൊരു പദ്ധതിയാണ്. ഇത് ആദ്യഘട്ടമാണ്. രണ്ടാം ഘട്ടത്തിൽ വീണ്ടും 2000 വീട് നിർമ്മിച്ചുകൊടുക്കുന്നതിനുള്ളൊരു പദ്ധതി ഏറ്റെടുക്കുന്നതിനുള്ള തയ്യാറെടുപ്പ് ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. കേരളത്തെ പുനർനിർമ്മിക്കുകയെന്ന മഹത്തായ സർക്കാരിന്റെ യജ്ഞത്തിൽ വളരെ സജീവമായി പങ്കാളിത്തം വഹിക്കുന്ന ഒരു സഹകരണ പ്രസ്ഥാനത്തെയാണ് അക്കാര്യത്തിൽ കാണാൻ സാധിക്കുന്നത്. മറ്റ് കാര്യങ്ങളൊക്കെ ഇവിടെ സൂചിപ്പിച്ചതാണ്. അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ക്ഷേമ പെൻഷനുകൾ വീടുകളിൽ എത്തിക്കുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞപ്പോൾ അതെങ്ങനെ എത്തിക്കുമെന്ന് യു.ഡി.എഫ്.-കാർ പരിഹാസത്തോടുകൂടിയാണ് ചോദിച്ചത്. പോസ്റ്റ് ഓഫീസൊന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ലല്ലോ, പോസ്റ്റ് ഓഫീസുണ്ടെങ്കിലല്ലേ വീടുകളിൽ എത്തിക്കാൻ സാധിക്കൂ എന്നെല്ലാം ചോദിച്ചവർക്ക് കൃത്യമായിട്ടുള്ള മറുപടി കൊടുത്തുകൊണ്ട് കഴിഞ്ഞ രണ്ടര

വർഷക്കാലമായി എല്ലാ ക്ഷേമ പെൻഷനുകളും എന്നാണോ കൊടുക്കാൻ ധനകാര്യ വകുപ്പ് തീരുമാനിക്കുന്നത് ആ തീരുമാനമെടുത്ത് 48 മണിക്കൂറിനകത്ത് കേരളത്തിലെ 30 ലക്ഷത്തിലധികം വരുന്ന വീടുകളിൽ കൃത്യമായി ക്ഷേമ പെൻഷനുകൾ എത്തിക്കുന്ന ജനകീയമായിട്ടുള്ള സംവിധാനത്തെ ശക്തിപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതുപോലെ ഇവിടെ ചൂണ്ടിക്കാണിച്ചതാണ് ട്രാൻസ്പോർട്ട് ജീവനക്കാരുടെ പെൻഷൻ നൽകുന്നതിനുവേണ്ടി എടുത്തിരിക്കുന്ന നടപടികൾ. അങ്ങനെ പൊതുവെ നമ്മുടെ സംസ്ഥാനത്ത് സഹകരണ മേഖല ജനകീയമായ അടിത്തറ വിപുലീകരിച്ചുകൊണ്ട് ജനക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഘട്ടത്തിലാണ് കേരള ബാങ്ക് രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടക്കുന്നത്. നിശ്ചയമായും മാർച്ച് മാസത്തോടുകൂടി കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിന് സാധിക്കും. റിസർവ് ബാങ്കിന്റെ കണ്ടീഷൻസൊക്കെ പാലിക്കാൻ കഴിയുന്ന തരത്തിൽ നമ്മുടെ സംസ്ഥാനത്ത് സഹകരണ മേഖല അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന എന്നുള്ളതാണ് അതിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. പ്രതിപക്ഷം ഇപ്പോൾ സഭയിലില്ല. കഴിഞ്ഞ നാലു ദിവസമായി നടത്തിയ ഒളിച്ചോട്ടം ഇന്നും വേറൊരു രൂപത്തിൽ

തുടരുകയാണുണ്ടായത്. ഗൗരവമുള്ള പ്രശ്നങ്ങളൊന്നും തന്നെ അവർ സഭയിൽ ഉന്നയിക്കാൻ ശ്രമിക്കുന്നില്ല. നമ്മുടെ നാട് നേരിടുന്ന നിരവധി പ്രശ്നങ്ങളുണ്ട്. വിലക്കയറ്റം പോലുള്ള പ്രശ്നം, കേന്ദ്ര ഗവൺമെന്റിന്റെ സമീപനംമൂലം രാജ്യമാകെ കർഷക പ്രക്ഷോഭങ്ങൾ ശക്തിപ്പെടുന്നു, രാജ്യത്താകെ കാർഷിക വിളകളുടെ തകർച്ചയുണ്ടാകുന്നു, കൃഷിക്കാർ കുത്തുപാളയെടുക്കുന്നു തുടങ്ങി നമ്മുടെ നാട് നേരിടുന്ന ഗൗരവതരമായ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനൊന്നും അവർക്ക് താല്പര്യമില്ല. കോടാനുകോടി രൂപയുടെ നാശം വിതച്ച പ്രളയത്തെ എങ്ങനെ അതിജീവിക്കാം, നമ്മുടെ സഹോദരങ്ങളെ എങ്ങനെ സഹായിക്കാം, രക്ഷിക്കാം, അതിന് നമുക്കെങ്ങനെ ഒറ്റക്കെട്ടായി നിൽക്കാം എന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ അവർക്ക് കഴിയുന്നില്ല. അവർ ശബരിമലയുടെ പേരുപറഞ്ഞാണ് കഴിഞ്ഞ നാലു ദിവസമായി സഭയിൽനിന്നും ഒളിച്ചോടിയത്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് ശബരിമലയിൽ എന്തോ അന്യായം കാണിച്ചു എന്ന മട്ടിലാണ് അവർ പ്രചരിപ്പിക്കുന്നത്. ബി.ജെ.പി.-ക്കാർ നടത്തുന്ന പ്രചരണംപോലെയാണ് അവരുടെ പ്രചരണം. ബി.ജെ.പി.-യുടെ ഒരു നേതാവിന്റെ പ്രസംഗം ഞാൻ കേൾക്കുകയുണ്ടായി. എത്രമാത്രം കള്ള പ്രചരണമാണ് അവർ നമ്മുടെ നാട്ടിൽ നടത്തിക്കൊണ്ടിരിക്കുന്നത്. എന്റെ

വകുപ്പുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ടാണ് ഞാനിത് പറയുന്നത്. ശ്രീമതി കെ. പി. ശശികലയുടെ ഒരു പ്രസംഗം വാട്സ് ആപ്പിൽ വന്നത് ഞാൻ കേൾക്കുകയുണ്ടായി. ആ പ്രസംഗം കേട്ട് ഞാൻ ഞെട്ടിപ്പോയി. എങ്ങനെയാണ് കള്ള പ്രചരണങ്ങൾ അവർ സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരിൽ 60 ശതമാനത്തോളം ക്രിസ്ത്യാനികളെ നിയമിച്ചിരിക്കുന്നു എന്നാണ് ഏതോ ഒരു പൊതുയോഗത്തിൽ അവർ പ്രസംഗിക്കുന്നത്. ഹിന്ദുക്കൾ ജോലിയും കൂലിയുമില്ലാതെ തെക്കും വടക്കും നടക്കുമ്പോൾ ക്ഷേത്രങ്ങളിൽപ്പോലും ക്രിസ്ത്യാനികളെ നിയമിച്ചിരിക്കുന്നുവെന്നാണ് അവർ പ്രസംഗിക്കുന്നത്. ക്ഷേത്രങ്ങളിലും ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിലും അഹിന്ദുക്കളായിട്ടുള്ള ആളുകൾക്ക് അപേക്ഷിക്കാനുള്ള അവകാശംപോലുമില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമത്തിനകത്തുതന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങനെയൊരു നിയമം നമ്മുടെ രാജ്യത്ത് നിലവിലുണ്ട്. അഹിന്ദുവായിട്ടുള്ള ഒരാളുപോലും തിരുവിതാംകൂർ ദേവസ്വം ബോർഡിലെന്നല്ല അഞ്ച് ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളിലും ജോലി ചെയ്യുന്നില്ല എന്ന യാഥാർത്ഥ്യം

നിലനിൽക്കുമ്പോഴാണ് ഇത്രയും ഭയാനകമായിട്ടുള്ള നുണ പ്രചരണങ്ങൾ നടത്തുന്നത്.

ശ്രീ. സജി ചെറിയാൻ: വളരെ ഗൗരവമേറിയ ഒരു പ്രശ്നമാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഉന്നയിച്ചത്. അദ്ദേഹം പറഞ്ഞത് ശരിയാണ്. ശ്രീമതി കെ. പി. ശശികല ഒരു പൊതുസമ്മേളനത്തിൽ നടത്തിയ പ്രസംഗത്തിലാണ് ഈ പറഞ്ഞ വിഷയം ഉന്നയിച്ചിട്ടുള്ളത്. ദേവസ്വം ബോർഡിന്റെ നിയമമനുസരിച്ച് അഹിന്ദുക്കളായിട്ടുള്ള ആളുകൾക്ക് അപേക്ഷപോലും കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ പരസ്യമായി ഉന്നയിച്ച ഈ വിഷയത്തെ സംബന്ധിച്ച് ഗവൺമെന്റ് നിയമനടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇക്കാര്യത്തെ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. കാരണം, അവർ വിഷലിപ്തമായ ആശയങ്ങളാണ് ആളുകളുടെ മനസ്സിലേയ്ക്ക് കടത്തിവിടുന്നത്. ശബരിമലയിൽ സന്നിധാനത്ത് 52 വയസ്സുള്ള ഒരു സ്ത്രീയുടെ തലയിലേയ്ക്കെറിയാൻ ഒരു കയ്യിൽ നെയ്ത്തേങ്ങയുമായി നിൽക്കുന്ന പത്തിരുപത്തഞ്ച് വയസ്സ് പ്രായം വരുന്ന ഒരു ചെറുപ്പക്കാരന്റെ ചിത്രം മലയാള മനോരമ പത്രത്തിന്റെ ഫ്രണ്ട് പേജിൽ

കാണുകയുണ്ടായി. ആൾക്കൂട്ടത്തിനിടയിൽ മറ്റുള്ളവരുടെ ആക്രമണത്തിൽനിന്ന് അവരെ രക്ഷിക്കാൻ പോലീസ് വട്ടം ചുറ്റി നിൽക്കുകയാണ്. അവരെ തലയ്ക്കെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിക്കുന്നൊരു ചെറുപ്പക്കാരന്റെ ചിത്രമാണത്. അത് കണ്ടപ്പോൾ ഞാൻ ആലോചിച്ചത് 52 വയസ്സുള്ള ഒരമ്മയുടെ തലയിലേയ്ക്ക് തേങ്ങ എറിയാൻ കഴിയുന്ന തരത്തിലുള്ള മാനസികാവസ്ഥയിലേയ്ക്ക് നമ്മുടെ ചെറുപ്പക്കാരെ എത്തിക്കുന്ന ഒരുതരം വിഷലിപ്തമായിട്ടുള്ള ആശയപ്രചരണമാണ് ബി.ജെ.പി.-യും ആർ.എസ്.എസും സംഘപരിവാർ ശക്തികളുമെല്ലാം നമ്മുടെ സമൂഹത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ആ ആശയപ്രചരണത്തിന് കൂടുതൽ ശക്തിപകരുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ദൗർഭാഗ്യവശാൽ ദേശീയ രാഷ്ട്രീയ കക്ഷിയായിട്ടുള്ള, മതേതര രാഷ്ട്രത്തിനുവേണ്ടി നിലനിൽക്കേണ്ടതായ കോൺഗ്രസ് നമ്മുടെ സംസ്ഥാനത്ത് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അവർ ഒരു കെണിയിൽ പെട്ടുപോയിരിക്കുകയാണ്. ഇപ്പോൾ ആ കെണിയിൽനിന്ന് ഊരിപ്പോകാൻ അവർക്ക് സാധിക്കുന്നില്ല. അലൂമിനിയം പാത്രത്തിനകത്ത് തല പെട്ടുപോയ പൂച്ചയുടെ അവസ്ഥയാണ് യഥാർത്ഥത്തിൽ ഇപ്പോൾ ഇവിടത്തെ യു.ഡി.എഫ്.-ന്റെ അവസ്ഥ. അവരുടെ തല ആ പാത്രത്തിനകത്തായിപ്പോയി.

അതിൽനിന്ന് ഊരിയെടുക്കാൻ കഴിയുന്നില്ല. മുട്ടുമ്പോഴെല്ലാം കൂടുതൽ അമർന്നുപോകുന്ന അവസ്ഥയിലാണ്. അവർക്ക് രക്ഷപ്പെടാൻ കഴിയാത്ത അവസ്ഥയാണിപ്പോൾ.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ഇന്ന് നിയമസഭയിൽ പ്രതിപക്ഷനേതാവ് വാക്കൗട്ട് നടത്തി. അദ്ദേഹവും അദ്ദേഹത്തിന്റെ കക്ഷിയും വാക്കൗട്ട് നടത്തിയെങ്കിലും വാക്കൗട്ടിനെ തുടർന്നുള്ള രണ്ടാമത്തെ വാക്കൗട്ട് പ്രസംഗത്തിൽ മുസ്ലീംലീഗ് നേതാവ് വാക്കൗട്ടിൽ പങ്കെടുത്തില്ലെന്നുമാത്രമല്ല അവരെ തള്ളി നടുത്തളത്തിലിറങ്ങി സഭ സ്തംഭിപ്പിക്കുന്ന നിലപാടെടുത്തു. യു.ഡി.എഫ്.-നകത്ത് കോൺഗ്രസ്സും മുസ്ലീംലീഗും വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുന്നൊരവസ്ഥയിലേയ്ക്കെത്തി. ഇത് യു.ഡി.എഫ്.-ന്റെ തകർച്ചയല്ലേ ചൂണ്ടിക്കാണിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, യു.ഡി.എഫ്. തകരുന്നൊരു മുന്നണിയാണെന്നതിൽ തർക്കമില്ല. ഇന്ന് ഡോ. കെ. ടി. ജലീലിനെതിരെയുള്ള ആക്ഷേപം യഥാർത്ഥത്തിൽ അവർക്കുതന്നെ ദഹിക്കാത്ത കാര്യമാണെന്ന് അവരുടെ ഇന്നത്തെ പ്രകടനത്തിൽനിന്നും നമുക്ക് ബോധ്യമാകും. ലീഗിനെ

സംബന്ധിച്ചിടത്തോളം ജലീൽ എന്ന പേര് ഉറക്കത്തിൽ കേട്ടാൽതന്നെ അവർ ഞെട്ടും. മലപ്പുറം ജില്ലയിൽ ജലീൽ എന്ന പേര് കേൾക്കുമ്പോൾതന്നെ അവർക്ക് ഭയമാണ്. ആ ഭയമാണ് വളരെ നിസ്സാരത്തിൽ നിസ്സാരമായൊരു പ്രശ്നത്തെ .........., നമ്മുടെ നാട്ടിൽ ആരെല്ലാം എവിടെയെല്ലാം ഡെപ്യൂട്ടേഷൻ എന്ന നിലയിൽ ജോലി ചെയ്യുന്നു. ഒരു ബാങ്കിന്റെ ഉദ്യോഗസ്ഥനെ ഒരു ധനകാര്യ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷൻ പോസ്റ്റിൽ നിയമിച്ചതിനെച്ചൊല്ലി അഴിമതി ആക്ഷേപം ഉന്നയിക്കുകയാണിവർ. ഒരുതരത്തിലും ഉന്നയിക്കേണ്ട അഴിമതിയുടെ യാതൊരു വിഷയങ്ങളും അതിനകത്തില്ലെന്ന് യഥാർത്ഥത്തിൽ അവർക്കുതന്നെ അറിയാം. പക്ഷെ ഡോ. കെ. ടി. ജലീലിനെ അവർ വല്ലാതെ ഭയപ്പെടുന്നു. മലപ്പുറം ജില്ലയിൽ ഡോ. കെ. ടി. ജലീൽ ഉയർത്തിക്കൊണ്ടുവരുന്ന ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ വിശ്വാസ്യതയും അതിന്റെ പിന്നിൽ അണിനിരക്കുന്ന ജനങ്ങളെയും അവർ ഭയക്കുന്നു. അതുകൊണ്ടാണ് അവർ ഡോ. കെ. ടി. ജലീലിനെതിരായി ഈ ആക്ഷേപം ഉന്നയിച്ച് മുന്നോട്ടുവരാൻ തയ്യാറായത്. കോൺഗ്രസ്സുകാർക്കുതന്നെ അതിനകത്ത് അഭിപ്രായവ്യത്യാസമുണ്ട്. യു.ഡി.എഫ്.-നകത്തുള്ള കക്ഷികൾക്കുള്ള അഭിപ്രായവ്യത്യാസമാണ് ബഹുമാനപ്പെട്ട മന്ത്രി ഇ. പി.

ജയരാജൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്ന് തെളിഞ്ഞുകണ്ടത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ രണ്ടര വർഷക്കാലമായി അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലെ സാധാരണ മനുഷ്യന്റെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള വളരെ ക്രിയാത്മകമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന കാഴ്ച എല്ലാപേരും അംഗീകരിക്കുന്നതാണ്. ഗവൺമെന്റിന് ഓരോ ദിവസവും വന്നുകൊണ്ടിരിക്കുന്ന ജനകീയ പിന്തുണയിൽ കോൺഗ്രസ്സുകാർ യഥാർത്ഥത്തിൽ അസ്വസ്ഥരാണ്. ഇപ്പോൾ രണ്ടര വർഷം കഴിഞ്ഞു. അഴിമതി രഹിതമായിട്ടുള്ള, മറ്റേതെങ്കിലും ആക്ഷേപങ്ങൾക്ക് വിധേയമല്ലാത്ത, ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നെങ്കിലും ആ പ്രശ്നങ്ങളെയെല്ലാം അതിജീവിച്ച് മുന്നോട്ടുപോകുന്നൊരു ഗവൺമെന്റിന് ജനപിന്തുണ വർദ്ധിക്കുകയാണ്. ആ ജനപിന്തുണയെ എങ്ങനെ ഇല്ലാതാക്കാൻ സാധിക്കുമെന്നതിനെക്കുറിച്ചുള്ള അന്വേഷണമാണ് വിശ്വാസത്തിന്റെ പ്രശ്നം ഉയർത്തിപ്പിടിച്ചുകൊണ്ട്, വിശ്വാസികളെ തെരുവിൽ അണിനിരത്തിക്കൊണ്ട് ഈ ഗവൺമെന്റിനെ നേരിടാൻ പ്രതിപക്ഷത്തെ പ്രേരിപ്പിച്ചതെന്ന കാര്യത്തിൽ സംശയമില്ല. ബി.ജെ.പി. ഉയർത്തുന്നതിനെക്കാൾ ശക്തമായ ഹൈന്ദവ

വർഗ്ഗീയത ഉയർത്തി ബി.ജെ.പി.-ക്ക് മുന്നിൽ സഞ്ചരിച്ച് വിശ്വാസികളെ കയ്യിലെടുക്കാൻ വേണ്ടിയുള്ള പരിശ്രമമാണ് പ്രതിപക്ഷനേതാവും പ്രതിപക്ഷവും നമ്മുടെ സംസ്ഥാനത്ത് സ്വീകരിച്ചത്. പക്ഷെ, തീവ്ര ഹിന്ദുത്വവാദത്തിൽ ബി.ജെ.പി.-യെ കടത്തിവെട്ടാൻ എത്ര ശ്രമിച്ചാലും കോൺഗ്രസിന് സാധിക്കില്ലെന്നുള്ള കാര്യം വളരെ വൈകിയാണ് അവർക്ക് മനസിലായത്. ആദ്യം ശബരിമലയിലെ യുവതീപ്രവേശന വിഷയത്തിൽ പത്തനംതിട്ട ടൗണിൽപ്പോയി സത്യാഗ്രഹമിരുന്നത് ബഹു. പ്രതിപക്ഷ നേതാവും കോൺഗ്രസ് പാർട്ടിയുമാണ്. അവരാണ് ഒരു ദിവസം അവിടെപ്പോയി ഉണ്ണാവ്രതമിരുന്നത്. യഥാർത്ഥത്തിൽ ആ സമരമാണ് അതിനെക്കാൾ മുന്നിൽ വരാൻ ബി.ജെ.പി.-യെയും സംഘപരിവാറിനെയും ആർ.എസ്.എസ്.-നെയും പ്രേരിപ്പിച്ചതെന്നുള്ള കാര്യം നമ്മൾ കാണേണ്ടതായിട്ടുണ്ട്. വിശ്വാസത്തിന്റെ പ്രശ്നത്തിൽ തീവ്ര ഹിന്ദുത്വവാദം ഉപയോഗപ്പെടുത്തി ഈ ഗവൺമെന്റിനെതിരായിട്ടുള്ള ആക്രമണത്തിന്റെ കുന്തമുന മുന്നോട്ടുകൊണ്ടുപോകുന്നതിൽ ആരാണ് മുന്നിലെത്തുക എന്ന കാര്യത്തിൽ രണ്ടുപേരുംകൂടി മത്സരിക്കുകയാണ് ഇപ്പോൾ. ഒരു കൂട്ടർ സഭയുടെ മുന്നിൽ കിടന്ന് സുഖമായി ഉറങ്ങുകയാണ്, മറ്റൊരു കൂട്ടർ സെക്രട്ടേറിയറ്റ്

നടയിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. യാതൊരു കാര്യവുമില്ല, ഇന്നലെ 75000-ലധികം ആളുകൾ ശബരിമലയിൽ എത്തിച്ചേർന്നുവെന്നാണ് പറയുന്നത്. ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം അവിടെ പ്രശ്നങ്ങളുണ്ടാക്കുന്നില്ലെങ്കിൽ ധാരാളം ഭക്തർ ശബരിമലയിൽ വരുമെന്ന കാര്യത്തിൽ സംശയമില്ല. സമാധാനപരമായ അന്തരീക്ഷത്തിൽ അവിടെ ക്ഷേത്രദർശനം നടത്താനുള്ള അവസ്ഥാവിശേഷം ഉണ്ടാകുമെന്നാണ് പറയാനുള്ളത്. ഞാൻ കൂടുതലായൊന്നും പറയുന്നില്ല. നമ്മുടെ സംസ്ഥാനത്ത് സുപ്രധാനമായിട്ടുള്ള രണ്ട് മേഖലകളിലും വലിയ മാറ്റങ്ങൾക്ക് കാരണമാകുന്ന രണ്ട് ചെറിയ ഭേദഗതികളാണ് ബില്ലിലുള്ളത്. പക്ഷെ വലിയ മാറ്റങ്ങളാണ് ആ മേഖലയിൽ നമുക്ക് ഉണ്ടാക്കാനായി സാധിക്കുക. ആ ഭേദഗതികളാണ് അവതരിപ്പിച്ചിട്ടുള്ളത്. ഇത്രയും കാര്യങ്ങളാണ് എനിക്ക് ഇതിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച 1 (എ) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, മറ്റ് സംസ്ഥാനങ്ങളെല്ലാം സമാനമായ ഭേദഗതികൾ പാസ്സാക്കിക്കഴിഞ്ഞിരിക്കുന്നു. ജി.എസ്.ടി. കൗൺസിൽ കഴിഞ്ഞ ഒന്നര വർഷക്കാലത്തെ അനുഭവങ്ങൾ നോക്കിയശേഷം നിലവിലുള്ള നിയമത്തിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചു. അതിൽ മൂന്ന് കാര്യങ്ങളാണ് ഏറ്റവും പ്രധാനപ്പെട്ടത്. ഒന്ന്, നമുക്കിപ്പോൾ 60 ലക്ഷത്തിന് മുകളിലാണെങ്കിൽ പൂർണ്ണ നികുതി അടയ്ക്കണം. പ്രിസംപ്റ്റീവ് ടാക്സിന്റെ പരിധി 1.5 കോടിയായി ഉയർത്തുകയാണ്. അത് നമ്മുടെ സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾക്കെല്ലാം വളരെയേറെ സഹായകരമാകുന്ന കാര്യമാണ്. രണ്ടാമത്തേത്, 1.5 കോടി രൂപ വരെ പ്രിസംപ്റ്റീവ് ടാക്സ് ഓപ്റ്റ് ചെയ്യുന്നവർ എല്ലാ മാസവും റിട്ടേൺ അടയ്ക്കേണ്ട, എല്ലാ മാസവും നികുതി അടയ്ക്കണം. മൂന്ന് മാസത്തിലൊരിക്കൽ റിട്ടേൺ നൽകിയാൽ മതി. ഇത് വളരെ

സഹായകരമായ ഒരു കാര്യമാണ്. മൂന്നാമത്തേത്, അതും നമ്മുടെ നാട്ടിലെ ഒരുപാടുപേർക്ക് സഹായം നൽകുന്നതാണ്. അൺരജിസ്റ്റേഡ് വ്യാപാരികളിൽ നിന്ന് സാധനം വാങ്ങുന്ന രജിസ്റ്റേഡ് വ്യാപാരികൾ നികുതി സ്വന്തം കയ്യിൽ നിന്നും കൊടുക്കണം. അതിനെ റിവേഴ്സ് ടാക്സ് എന്നുപറയും. അപ്പോൾ ഇത് സാർവ്വത്രികമായി നടപ്പാക്കിക്കഴിഞ്ഞാൽ അൺരജിസ്റ്റേഡായിട്ടുള്ള ചെറുകിട വ്യാപാരികളിൽ നിന്നും വാങ്ങില്ല. രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ നിന്ന് മാത്രമേ വാങ്ങുകയുള്ളൂ. അത് നമ്മുടെ അസംഘടിത മേഖലയ്ക്ക് വളരെയേറെ ദൂഷ്യം ചെയ്യും. ഈ ഭേദഗതിയിൽ പറയുന്നത് ഏതെല്ലാം മേഖലകളിൽ റിവേഴ്സ് ടാക്സ് ബാധകമാക്കണമെന്നുള്ളത് സംസ്ഥാനങ്ങൾക്ക് തീരുമാനിക്കാം, എന്നിട്ട് ജി.എസ്.ടി. കൗൺസിലിന്റെ തീർപ്പിന്റെ അടിസ്ഥാനത്തിൽ നോക്കിയിട്ട് ചെയ്യാം എന്നുള്ളതാണ്. ഇത് ചെറുകിട വ്യാപാരികൾക്ക് വളരെയേറെ സഹായകമായിട്ടുള്ളതാണ്. ബാക്കിയുള്ളതെല്ലാം സ്പഷ്ടീകരണങ്ങളാണ്. വിശദാംശങ്ങൾ നൽകുന്നതാണ്. ഓരോന്നിന്റെയും കാര്യത്തിലേക്ക് ഞാൻ പോകുന്നില്ല. കാര്യമാത്ര പ്രസക്തമായി വിഷയത്തിൽ ഒതുങ്ങിനിന്നുകൊണ്ടുള്ള ചർച്ചയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയത്തിന് നോട്ടീസ് നൽകിയവരാരും സീറ്റിലില്ല. നോട്ടീസുകൾ ലാപ്സായിരിക്കുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. കെ. സി. മമ്മത് കോയയ്ക്ക് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. വി. കെ. സി. മമ്മത് കോയ): സർ, 2018-ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

രാജ്യം ഭരിക്കുന്ന ഗവൺമെന്റ് മതിയായ മുന്നൊരുക്കങ്ങൾ ഇല്ലാതെയും കമ്പ്യൂട്ടർ ശൃംഖല രൂപപ്പെടുത്താതെയും കൊണ്ടുവന്ന ജി.എസ്.ടി. നിയമം രാജ്യത്തിന്റെ സമ്പദ്ഘടനയിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയതായി കാണാൻ കഴിയും. ഈ നിയമത്തിന്റെ ദൂഷ്യവശങ്ങളെ പരമാവധി ലഘൂകരിച്ച് നടപ്പിലാക്കാനുള്ള നല്ല പരിശ്രമം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇതുമൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട ഗുണഫലം ലഭ്യമായിട്ടില്ല. ഇന്ത്യയുടെ

സമ്പദ്ഘടനയിൽ ഗ്രാമീണ-നഗര വ്യത്യാസമില്ലാതെ കടുത്ത ആഘാതമുണ്ടാക്കിയ നോട്ട് നിരോധനത്തിന്റെ ഫലമായി നിരവധി ചെറുകിട വ്യാപാര-വ്യവസായ സംരംഭങ്ങൾ പൂട്ടിപ്പോയിട്ടുണ്ട്. അതിന്റെയൊപ്പം ജി.എസ്.ടി. കൂടി ആയതോടെ ചെറുകിട വ്യാപാരികളുടെ നട്ടെല്ലൊടിയുന്ന സ്ഥിതി സംജാതമായി. എന്നാൽ സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടൽ ഒരു പരിധിവരെ ചെറുകിട വ്യാപാര-വ്യവസായ മേഖലയ്ക്ക് താങ്ങായിട്ടുണ്ട്. ഉദാഹരണത്തിന് ഒരു കോടി രൂപ വരെ വിറ്റുവരവുള്ള വ്യാപാരി-വ്യവസായികൾക്ക് കോംപോസിഷൻ വ്യവസ്ഥ വന്നത് ചെറുകിട മേഖലയ്ക്ക് ആശ്വാസം നൽകിയിട്ടുണ്ട്. ശരിയായ മുന്നൊരുക്കങ്ങളില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതിനാൽ നമ്മുടെ സംസ്ഥാനത്തിന് വലിയ നികുതി നഷ്ടമുണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു. യഥാർത്ഥത്തിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ കൂടുതൽ ഉപഭോഗം നടത്തുന്ന കേരളത്തിൽ നികുതി വരുമാനം കൂടേണ്ടതാണ്. എന്നാൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന 14.5 ശതമാനം നികുതി 9 ശതമാനമായി കുറഞ്ഞു. ആ നികുതി തന്നെ കൃത്യമായി കണ്ടെത്തുന്നതിനും പിരിച്ചെടുക്കുന്നതിനും ആവശ്യമായ കമ്പ്യൂട്ടർ സംവിധാനങ്ങളുടെ അഭാവംകൂടിയായപ്പോൾ അത് സർക്കാരിന്റെ വരുമാനം

കുറച്ചു. നികുതി വെട്ടിപ്പ് കണ്ടുപിടിക്കാനും തടയാനും കഴിഞ്ഞില്ല. ഇതേസമയം തന്നെ സാധാരണക്കാരന്റെ ദുരിതങ്ങൾ വർദ്ധിക്കുന്നതിനും നികുതി പരിഷ്കരണം കാരണമായി. കേന്ദ്രം കൊട്ടിഘോഷിച്ചത് പ്രകാരമുള്ള വിലക്കുറവ് സാധാരണ ജനങ്ങൾക്ക് അനുഭവപ്പെട്ടില്ല, പകരം ഏറെ ദുരിതവും ആശങ്കയുമാണ് ഉണ്ടാക്കിയത്. നിത്യോപയോഗ സാധനങ്ങൾക്ക് വില കുറയുമെന്നാണ് ജനങ്ങൾ പ്രതീക്ഷിച്ചത്. എന്നാൽ അർദ്ധ രാത്രിയിൽ പാർലമെന്റ് വിളിച്ചുകൂട്ടി പ്രധാനമന്ത്രി വാഗ്ദാനം ചെയ്ത സുവർണ്ണകാലം ദുരിതകാലമായി മാറി. ഏറെ ആശയക്കുഴപ്പങ്ങളും പ്രതിസന്ധിയുമാണ് ജി.എസ്.ടി. മൂലമുണ്ടായത്. വിപണിയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ച വിലക്കുറവ് ഉണ്ടായില്ലെന്ന് മാത്രമല്ല വർദ്ധിക്കുകയും, ലളിതമാകുമെന്ന് പ്രതീക്ഷിച്ച നികുതി ഘടന ഏറെ സങ്കീർണ്ണമാവുകയും ചെയ്തു. നികുതിച്ചോർച്ചയും നികുതി വെട്ടിപ്പും തടയാനുള്ള നടപടികൾ ഫലപ്രദമായില്ല. ലോകത്ത് ഏറ്റവും സങ്കീർണ്ണമായ നികുതിഘടനയാണ് ഇന്ത്യയിലുണ്ടായത് എന്നതാണ് ജി.എസ്.ടി.-യെ സംബന്ധിച്ച് ലോകബാങ്കിന്റെ വിലയിരുത്തൽ. ഏറെ തിരക്കിട്ട് നടപ്പിലാക്കിയ ജി.എസ്.ടി.-യിൽ ആശയക്കുഴപ്പം ശക്തമായപ്പോൾ ഒട്ടേറെ തവണ തിരുത്തലുകൾ വേണ്ടിവന്നു.

സംസ്ഥാനങ്ങൾക്ക് വലിയ തോതിൽ വരുമാന നഷ്ടമുണ്ടായി. നഷ്ടം പരിഹരിക്കാനുള്ള വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുമില്ല. ചെറുകിട വ്യവസായ മേഖല പോലെ തന്നെ കാർഷിക മേഖലയിലും ജി.എസ്.ടി. വലിയ ദോഷങ്ങളുണ്ടാക്കി.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, അങ്ങ് ജി.എസ്.ടി. വന്നതുകൊണ്ടുള്ള പ്രയാസങ്ങളെ സംബന്ധിച്ചാണ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഹജ്ജ് കമ്മിറ്റി മുഖേന പോകുന്ന ആളുകൾക്ക് കേന്ദ്രഗവൺമെൻറ് സബ്സിഡി കൊടുത്തിരുന്നു. അത് ഇപ്പോൾ നിർത്തലാക്കി. ജി.എസ്.ടി. വന്നതോടുകൂടി സ്വകാര്യ മേഖലയിലുള്ള വിമാന ടിക്കറ്റിനെക്കാൾ കൂടുതലാണ് ഹജ്ജ് കമ്മിറ്റി മുഖേന പോകുന്നവർക്കുള്ള വിമാനക്കൂലി. ഇത് ഗുരുതരമായ വിഷയമാണ് എന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, അത് ശരിയാണ്. അതുപോലെ പല മേഖലയിലും ഇതിന്റെ ദോഷഫലങ്ങൾ അനുഭവപ്പെട്ടിരിക്കുന്നു. ജി.എസ്.ടി.യിലൂടെ നികുതി വെട്ടിപ്പുകൾ തടയാം എന്നതായിരുന്നു മറ്റൊരു അവകാശവാദം. എന്നാൽ നടപ്പിലാക്കി രണ്ട് മാസത്തിനകംതന്നെ 2,000 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി. ബഹുരാഷ്ട്ര കമ്പനികളും വൻകിട

കോർപ്പറേറ്റുകളും ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വരുത്തിയ വൻ വീഴ്ചകൾ പരിഹരിക്കുന്നതിന് നടപടി ഉണ്ടായിട്ടില്ല. ഒന്നരക്കോടി രൂപയിൽ താഴെ ടേണോവറുള്ള ഉൽപ്പാദകർക്കും വ്യാപാരികൾക്കും നികുതി നിരക്ക് തിരിച്ചടിയായി. ഒന്നരക്കോടി രൂപയിൽ താഴെ ടേണോവറുള്ളവർക്ക് എക്സ്സൈസ് ഡ്യൂട്ടിയുണ്ടായിരുന്നില്ല. അഞ്ച് ശതമാനമുള്ള നികുതി പതിനെട്ട് ശതമാനമായും ഇരുപത്തിയെട്ട് ശതമാനമായും വർദ്ധിച്ചു. പാവപ്പെട്ട ജനങ്ങളാണ് ഈ അധിക ബാധ്യത സഹിക്കേണ്ടി വന്നത്.

ശ്രീ. കാരാട്ട് റസാഖ്: സർ, ഹജ്ജിനുപോകുന്നവർക്ക് പ്രൈവറ്റ് മേഖലയിൽ അഞ്ച് ശതമാനമാണ് ജി.എസ്.ടി. ഈടാക്കുന്നത്. എന്നാൽ ഔദ്യോഗികമായി ഹജ്ജ് കമ്മിറ്റി മുഖേന പോകുന്ന ആളുകൾക്ക് പതിനാല് ശതമാനം ജി.എസ്.ടി. ഈടാക്കുന്നുണ്ട്. ഇത് ഒഴിവാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുവാൻ സാധിക്കും?

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയാണ് ജി.എസ്.ടി. കൗൺസിലിൽ പല കാര്യങ്ങളും അവരുടെ ശ്രദ്ധയിൽപ്പെടുത്തി ഇതുവരെ പരിഹാരം കണ്ടെത്തിയിട്ടുള്ളത്. ഇന്ത്യയിലെ മറ്റൊരു സ്റ്റേറ്റിൽനിന്നും മറ്റാരും പറയാത്ത കാര്യങ്ങൾപോലും നമ്മുടെ

ധനകാര്യ വകുപ്പുമന്ത്രിക്ക് അവിടെ ഉന്നയിച്ച് പരിഹാരം കാണുവാനായി സാധിച്ചിട്ടുണ്ട്. അദ്ദേഹംതന്നെ ഇതിനൊരു പരിഹാരം കാണുമെന്ന് പ്രതീക്ഷിക്കാം. പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്ത വ്യാപാരികളുടെ അവകാശവാദം ശരിയാണെന്ന് പരിശോധിക്കാൻ നടപടിയുണ്ടായില്ല. നികുതിഘടനയിലെ നാല് സ്ലാബുകളെന്നത് കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. ജി.എസ്.ടി. നടപ്പിലാക്കിയ ഒട്ടുമിക്ക രാജ്യങ്ങളിലും രണ്ട് സ്ലാബുകളാണുള്ളത്. നോട്ടുനിരോധനത്തിൽ തകർന്ന ചെറുകിട മേഖലയ്ക്ക് കടുത്ത ആഘാതം ജി.എസ്.ടി.മൂലമുണ്ടായി. വൻകിടക്കാരുമായുള്ള ചെറുകിടക്കാരുടെ മത്സരശേഷിയിടിഞ്ഞു, പലതും അടച്ചുപൂട്ടി. കുറേയേറെപ്പേർ അടച്ചുപൂട്ടലിന്റെ വക്കിലാണ്. അതോടൊപ്പം തന്നെയാണ് നികുതി ഘടനയിലെ പൊരുത്തക്കേടുകൾ. പരിഹാര നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ജി.എസ്.ടി. കൗൺസിലിനുമാത്രമാണ് എന്നതും പോരായ്മയായി നിലനിൽക്കുന്നു. ജി.എസ്.ടി.യും വിലക്കയറ്റവും തമ്മിലുള്ള ബന്ധവും ഏറെ ചർച്ച ചെയ്തതാണ്. ജി.എസ്.ടി. നടപ്പിലാക്കുന്നതോടെ അവശ്യസാധനങ്ങളുടെ വിലയിൽ കുറവുണ്ടാകുമെന്ന് പ്രതീക്ഷയുണ്ടായിരുന്നു. ഏറെ സങ്കീർണ്ണമായ നികുതി ഘടനയാണെങ്കിലും ഇത് വിലക്കയറ്റത്തിന് ഒരു പരിധിവരെയെങ്കിലും

അറുതിവരുത്തുമെന്നാണ് വലിയ രീതിയിൽ പ്രചരിപ്പിച്ചിരുന്നത്. എന്നാൽ ഇതുമൂലമുണ്ടായിട്ടുള്ള യാതൊരുവിധ ഇളവും ഉപഭോക്താവിന് നൽകുവാൻ വൻകിടക്കാർ തയ്യാറായിട്ടില്ല എന്നതാണ് അനുഭവം. തുടക്കത്തിൽ നേരത്തെയുണ്ടായിരുന്ന വിലകളുടെ കൂടെ ജി.എസ്.ടി.കൂടി ചേർത്ത് വില വർദ്ധിപ്പിക്കുന്ന സാഹചര്യമുണ്ടായി. ഹോട്ടലുകളിലും മറ്റും ഇത് വ്യാപകമായി നടന്നിരുന്നു. വൻകിട കമ്പനികളുടെ ഇത്തരത്തിലുള്ള കൊള്ളലാഭമെടുക്കലിനെതിരെ നടപടി സ്വീകരിക്കുവാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. എന്നാൽ, ഇതിൽ കേരളത്തിന്റെ ശക്തമായ നിലപാടുകൾ ഗുണം ചെയ്തിട്ടുണ്ട്. അമിതലാഭം എടുക്കുന്നതിനെതിരായി പ്രവർത്തിക്കേണ്ടുന്ന ആന്റീ പ്രോഫിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം സാധാരണക്കാരന് അപ്രാപ്യമായ രീതിയിലാണ് നിലവിലുള്ളത്. ഉപഭോക്താവിന് അടിയന്തരമായി നീതി ലഭ്യമാക്കുന്നതിന് കടമ്പകൾ കൂടുകയാണുണ്ടായത്. ഈ പരിമിതികൾക്കെല്ലാം ഉള്ളിൽ നിന്നുകൊണ്ടാണെങ്കിലും ജി.എസ്.ടി. നിയമത്തെ ഏറെ ശ്രദ്ധയോടെ നടപ്പിൽവരുത്തുന്നതിൽ കേരള സർക്കാർ നല്ല രീതിയിൽ ഇടപെട്ടിട്ടുണ്ട്. അതിന്റെ തുടർച്ചയായാണ് ജി.എസ്.ടി. ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളതെന്ന് കാണുവാൻ കഴിയും.

ശ്രീ. എ. എൻ. ഷംസീർ: സർ, ജി.എസ്.ടി.യുടെ മറവിൽ ചിലർ ചില ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ ലൂസാക്കി അല്ലെങ്കിൽ റീടെയിലാക്കി വിറ്റുകൊണ്ട് സർക്കാരിനെ പറ്റിക്കുന്നതിനായുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. അത്തരം നീക്കങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, അതുപോലെയുള്ള ധാരാളം കള്ളത്തരങ്ങൾ നടക്കുന്നുണ്ട്. ഇതിനെ കണ്ടുപിടിക്കാനും ഇതിനെതിരെ നടപടിയെടുക്കുവാനും ആവശ്യമായൊരു സംവിധാനം ഇതുവരെ ഇതിൽ വന്നിട്ടില്ല. അതുകൊണ്ടാണ് ഈ കുഴപ്പങ്ങളുണ്ടാകുന്നത്. ഈ ഭേദഗതി ബില്ലിലെ നിർദ്ദേശങ്ങൾ അതുകൊണ്ടുതന്നെ കേരളത്തിലെ വ്യാപാര വ്യവസായ സമൂഹത്തിനും പൊതുജനങ്ങൾക്കും പ്രയോജനപ്പെടും.

2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബില്ലിലെ ഭേദഗതികളെ സ്വാഗതം ചെയ്യുന്ന അതോടൊപ്പംതന്നെ വളരെ പ്രയോജനകരമായ രീതിയിൽ ഇതിനെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ജി.എസ്.ടി. കൗൺസിലിൽ നല്ല ഇടപെടലുകൾ നടത്തിയ കേരള ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയും ചെയ്യുന്നു. യാതൊരു മുന്നൊരുക്കവും നടത്താതെ കേന്ദ്രസർക്കാർ അടിച്ചേൽപ്പിച്ച ഈ ബില്ലിനെ സംസ്ഥാനത്തിന്

ഏറ്റവും അനുകൂലമാക്കി മാറ്റിയെടുക്കുന്നതിൽ ഇനിയും ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും നല്ല പരിശ്രമം തുടർന്നുമുണ്ടാകുമെന്ന് ഉറപ്പായും വിശ്വസിക്കുന്നു.

ജി.എസ്.ടി. ബില്ലിലെ ക്ലോസ് 4-ൽ വരുത്തുന്ന ഭേദഗതി ചെറുകിട വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഏറെ ഗുണകരമായ ഒന്നാണ്. നിലവിൽ രജിസ്റ്റർ ചെയ്യാത്ത വ്യാപാരികളിൽനിന്നും വാങ്ങുന്ന എല്ലാതരം ചരക്കുകൾക്കും സേവനങ്ങൾക്കും രജിസ്റ്റർ ചെയ്ത വ്യാപാരി റിവേഴ്സ് ചാർജ് പ്രകാരം നികുതി നൽകേണ്ടതുണ്ട്. ഇത് കാരണം രജിസ്റ്റർ ചെയ്യാത്ത ചെറുകിട വ്യാപാരികളുടെ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും രജിസ്റ്റർ ചെയ്ത വ്യാപാരികൾക്ക് പ്രയാസങ്ങളുണ്ടായിരുന്നു. കുടുംബശ്രീപോലുള്ള ചെറുകിട സംരംഭകരെയാണ് ഇത് കൂടുതലായും ബാധിക്കുന്നത്. അതുകൊണ്ട് തന്നെ റിവേഴ്സ് ചാർജ് പ്രകാരമുള്ള നികുതി ജി.എസ്.ടി. കൗൺസിൽ നോട്ടിഫൈ ചെയ്യുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തുന്നത് ചെറുകിടക്കാരായ വ്യാപാരികൾക്കും വ്യവസായികൾക്കും ഏറെ പ്രയോജനപ്പെടും; കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് പ്രത്യേകിച്ചും.

ക്ലോസ് 5-ൽ കോംപോസിഷൻ വ്യവസ്ഥയിൽ നികുതി നൽകാനുള്ള

പരിധി ഒരുകോടി രൂപയിൽനിന്നും ഒന്നരക്കോടി രൂപയായി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സ്വാഗതം ചെയ്യുന്നു. കൂടുതൽ വ്യാപാരികളെ ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് ഇതുമൂലം സാധിക്കും. ഇന്ത്യയിലെ ചെറുകിട കച്ചവടക്കാർക്ക് ഏറ്റവും ഗുണകരമായ ഈ മാറ്റങ്ങൾ കൊണ്ടുവരാൻ ജി.എസ്.ടി. കൗൺസിലിൽ ആവശ്യമായ ഇടപെടലുകൾ നടത്തിയത് കേരള ധനകാര്യ വകുപ്പുമന്ത്രി ആണെന്നത് ഈ അവസരത്തിൽ പ്രത്യേകം പരാമർശിക്കുന്നു.

ക്ലോസ് 13-ൽ വരുത്തിയ ഭേദഗതി, ഒരേ സാധനം തന്നെ വ്യത്യസ്ത ഷോപ്പുകളിൽ വ്യാപാരം നടത്തുന്നവർക്ക് പ്രത്യേകം പ്രയോജനകരമാണ്. നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരു പാൻ നമ്പറുള്ള ആൾക്ക് രണ്ട് സ്ഥലങ്ങളിൽ ഒരു കാറ്റഗറിയിൽപ്പെട്ട ചരക്കിനെ വ്യാപാരം ചെയ്യുവാൻ ഒരു രജിസ്ട്രേഷൻ മാത്രമേ ലഭ്യമായിരുന്നുള്ളൂ. വ്യത്യസ്ത യൂണിറ്റുകളെ ഇൻഡിപെൻഡന്റ് ആയി കണക്കാക്കി അക്കൗണ്ടുകൾ പരിപാലിക്കുന്നതിനും സ്വതന്ത്ര സ്ഥാപനങ്ങളായി നടത്തിക്കൊണ്ട് പോകുന്നതിനും ഇതുകാരണം വളരെ പ്രയാസങ്ങൾ നേരിട്ടിരുന്നു. എന്നാൽ ഇത്തരം സ്ഥാപനങ്ങൾക്ക് ഒരേ പാൻ നമ്പരുള്ള ഉടമസ്ഥനിൽ നിന്നാണെങ്കിലും പ്രത്യേകം രജിസ്റ്റർ

ചെയ്യുവാൻ സൗകര്യം ലഭിക്കുന്നത് ഈ മേഖലയിൽ ഗുണകരമായിട്ടുണ്ട്. അതോടൊപ്പംതന്നെ, ക്ലോസ് 14-ൽ വരുത്തുന്ന ഭേദഗതി സംബന്ധിച്ച് വരാവുന്ന ആശങ്കയും അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. നിലവിലുള്ള നിയമ പ്രകാരം, ഒരു വ്യാപാരിക്കെതിരെയുള്ള ശിക്ഷാനടപടികളുടെ ഭാഗമായി ആ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കണമെങ്കിൽ ആ സ്ഥാപനത്തിന് നോട്ടീസ് നൽകുകയും നടപടിക്രമങ്ങൾ പാലിച്ച് രജിസ്ട്രേഷൻ റദ്ദാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും വേണം. എന്നാൽ ഈ ഭേദഗതി പ്രകാരം ഒരു ഉദ്യോഗസ്ഥന് ആ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനു മുമ്പുതന്നെ പ്രസ്തുത രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യാൻ അധികാരം ലഭിക്കുന്നതാണ്. ഇത് ചില ഉദ്യോഗസ്ഥരെങ്കിലും ദുരുപയോഗം ചെയ്താൽ വലിയ അഴിമതിക്ക് കാരണമായേക്കും. ആയതിനാൽ ഈ ഭേദഗതി കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ടോയെന്നതുകൂടി പരിഗണിക്കണം.

ക്ലോസ് 15-ന്റെ ഭേദഗതി അത് ബാധകമായ എല്ലാ സ്ഥാപനങ്ങൾക്കും ഗുണകരമാണ്. ഓരോ ഇൻവോയിസിനും പ്രത്യേകം ക്രെഡിറ്റ്/ഡെബിറ്റ്

നൽകാനുള്ള വ്യവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് വളരെ ശ്രമകരമാണ്. ഒരു സാമ്പത്തിക വർഷത്തിൽ നൽകിയ മൊത്തം ഇൻവോയിസുകൾക്കും കൺസോളിഡേറ്റഡ് ഇൻവോയിസ് നൽകുന്നതിനുള്ള വ്യവസ്ഥ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് വളരെ സൗകര്യപ്രദമാക്കും. അതുകൊണ്ടുതന്നെ ഈ ഭേദഗതി എല്ലാവരും സ്വാഗതം ചെയ്യുന്നു.

നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഒരു മാസത്തിൽ ഒരു ജി.എസ്.ടി. നികുതിദായകൻ നാല് തരം ടാക്സ് റിട്ടേൺ ഫോറങ്ങൾ ഫയൽ ചെയ്യണം. ഇത്തരത്തിൽ ഒരു വർഷം ഏകദേശം 52 റിട്ടേൺ ഫോറങ്ങൾ ഫയൽ ചെയ്യേണ്ടതുണ്ട്. അത് ജി.എസ്.ടി.ആർ. 1, ജി.എസ്.ടി.ആർ. 2, ജി.എസ്.ടി.ആർ. 3, ജി.എസ്.ടി.ആർ. 4 എന്നിങ്ങനെയാണ്. ഇതുമൂലം വ്യാപാരികൾക്കും വ്യവസായികൾക്കുമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങൾ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ജി.എസ്.ടി കൗൺസിലിൽ ഉണ്ടായിട്ടുണ്ട്. ഇതിന്റെകൂടി ഫലമായാണ് കൗൺസിൽ നിർദ്ദേശപ്രകാരം ഫാറങ്ങൾ ലളിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്. അതാണ് ഈ ഭേദഗതി ബില്ലിലെ ക്ലോസ് 17, 18

എന്നിവയുമായി ബന്ധപ്പെട്ട് ഏകീകൃതവും ലളിതവുമായ ഒരു സിംഗിൾ റിട്ടേൺ ഫോം എന്ന ആശയം പ്രാബല്യത്തിൽ വരുത്താൻ സഹായകരമായത്. അതോടൊപ്പംതന്നെ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഇക്കാര്യത്തിലുള്ള ഇടപെടൽ വ്യാപാരികൾക്ക് വളരെ ഗുണം ചെയ്തിട്ടുണ്ടെന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

ക്ലോസ് 27-ലെ ഭേദഗതിയെ സ്വാഗതം ചെയ്യുന്നു. നിയമവിധേയമല്ലാതെ ട്രാൻസ്പോർട്ട് ചെയ്യപ്പെടുന്ന ചരക്കുകൾ പിടിച്ചെടുക്കുന്ന സാഹചര്യത്തിൽ നികുതിയും പെനാൽറ്റിയും നൽകി വാഹനം തിരിച്ചെടുക്കാനുള്ള കാലാവധി 7 ദിവസം എന്നത് 14 ദിവസമാക്കിയിട്ടുണ്ട്. വ്യാപാരികൾക്ക് കുറച്ചുകൂടി സാവകാശവും സൗകര്യവും ഇതുവഴി ലഭിക്കും.

ജോബ് വർക്കിനായി നൽകുന്ന ചരക്കുകൾ പ്രവൃത്തി പൂർത്തീകരിച്ച് തിരികെ നൽകാനുള്ള കാലാവധി സാധാരണ ചരക്കുകൾക്ക് ഒരു വർഷം എന്നത് രണ്ടു വർഷമായും മൂലധന ചരക്കുകൾക്ക് മൂന്ന് വർഷമെന്നത് അഞ്ച് വർഷമായും ദീർഘിപ്പിച്ച് നൽകാനുള്ള ക്ലോസ് 28-ലെ ഭേദഗതി ഇത്തരത്തിൽ ജോബ് വർക്കുകൾ ചെയ്യുന്ന വ്യവസായികളെ ഏറെ സഹായിക്കുന്നതാണ്. അതോടൊപ്പംതന്നെ ജി.എസ്.ടി. കൗൺസിലിന്റെ പരിഗണനയിൽ

കൊണ്ടുവന്ന് പരിഹാരം കാണേണ്ട പ്രശ്നങ്ങൾ കുറേയേറെ ഇനിയുമുണ്ട്. അതിൽ ചിലത് താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ.

തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന സബ്സിഡിയോടുകൂടിയുള്ള ക്യാന്റീൻ ഭക്ഷണത്തിന് ജി.എസ്.ടി നൽകണമെന്ന് ജി.എസ്.ടി അതോറിറ്റി അഡ്വാൻസ് റൂളിംഗ് നൽകിയിട്ടുണ്ട്. 1948-ലെ ഫാക്ടറീസ് ആക്ട് സെക്ഷൻ 46 പ്രകാരമാണ് 250 ജോലിക്കാരുള്ള കമ്പനികൾ തൊഴിലാളികൾക്ക് ക്യാന്റീൻ സൗകര്യം നൽകുന്നത്. 2012-ലെ വകുപ്പ് 19 എ നോട്ടിഫിക്കേഷൻ പ്രകാരം ക്യാന്റീനുകളെ സർവ്വീസ് ടാക്സ് പരിധിയിൽനിന്നും ഒഴിവാക്കിയിരുന്നു. ആക്ടിൽ വ്യവസ്ഥ ചെയ്ത തൊഴിലുടമ തൊഴിലാളികൾക്ക് നൽകുന്ന പ്രസ്തുത സേവനത്തിന് ജി.എസ്.ടി ചുമത്തുന്ന നടപടി ഒഴിവാക്കേണ്ടതാണ്. Central Board of Indirect Tax and Customs 2017-ൽ ഇറക്കിയ പത്രക്കുറിപ്പിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മുൻകാലങ്ങളിലെപ്പോലെതന്നെ ക്യാന്റീൻ ഭക്ഷണത്തിന് സർവ്വീസ് ടാക്സ് ഒഴിവാക്കുന്നതിനുള്ള നടപടികൾ ജി.എസ്.ടി കൗൺസിലിലുണ്ടാകുവാൻ പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെറുകിട കച്ചവടക്കാർക്ക് അനുവദിച്ച 20 ലക്ഷം രൂപവരെ

വിറ്റുവരവുള്ളവർക്കുള്ള നികുതി ഒഴിവും ഒന്നരക്കോടി രൂപ വരെയുള്ളവർക്കുള്ള ഒരു ശതമാനം നികുതി എന്ന വ്യവസ്ഥയും കേരളത്തിലെ ചെറുകിട കരാറുകാർക്കുകൂടി ബാധകമാക്കി ആനുകൂല്യം ലഭ്യമാക്കുന്നതിന് ജി.എസ്.ടി കൗൺസിലിൽ നടപടിയുണ്ടാകുവാൻ പരിശ്രമിക്കണമെന്ന് ഈ അവസരത്തിൽ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു.

എച്ച്.എസ്.എൻ. കോഡിൽ ഉൾപ്പെടാത്ത ഉത്പന്നങ്ങൾക്ക് ഇപ്പോൾ പരമാവധി നികുതിയാണ് ഈടാക്കുന്നത്. ഇത് മിനിമം നികുതിയാക്കി മാറ്റുന്നതിന് ഇടപെടണം. ജി.എസ്.ടി റീഫണ്ട് ലഭിക്കേണ്ട കേസുകളിൽ കാലതാമസം നേരിടുന്നത് വ്യവസായികളെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. ആയത് പരിഹരിക്കാൻ നല്ല ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

വാറ്റ് കുടിശ്ശിക തീർപ്പാക്കുന്നതിന് പ്രത്യേകമായി ശ്രദ്ധ പതിയണം. നിരവധി വാറ്റ് അസസ്സ്മെന്റ് കേസുകൾ ഇപ്പോൾ കെട്ടിക്കിടക്കുകയാണ്. ഇതുവഴി കുടിശ്ശിക ഇനത്തിൽ വലിയ തുക സർക്കാരിന് പിരിഞ്ഞുകിട്ടേണ്ടതുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ ഫാസ്റ്റ് ട്രാക്ക് കുടിശ്ശിക നിവാരണ പദ്ധതികൾ പ്രഖ്യാപിക്കണം. അതോടൊപ്പംതന്നെ ഉദാരമായ

വ്യവസ്ഥകളോടെ ആംനെസ്റ്റി സ്കീം കൊണ്ടുവരികയും വേണം. ജി.എസ്.ടി റീഫണ്ടിനുള്ള അപേക്ഷകൾ ഓൺലൈൻ ആയി പൂർത്തീകരിക്കുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനമുണ്ടാകണം. കയറ്റുമതിക്കായി വാങ്ങുന്ന ഉത്പന്നങ്ങൾക്ക് നൽകുന്ന ജി.എസ്.ടി റീഫണ്ടിന് അപേക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനം നിലവിൽ ജി.എസ്.ടി വെബ്സൈറ്റിൽ ലഭ്യമല്ലായെന്നറിയുന്നു. അതിന് പരിഹാരം ഉണ്ടാകണം. ജി.എസ്.ടി. നിയമപ്രകാരം പഴയ നികുതി നിയമങ്ങളിൽനിന്ന് ട്രാൻസ്ഫർ ചെയ്ത് ലഭിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റീഫണ്ട് ചെയ്തു കിട്ടുന്നതിന് നേരിടുന്ന കാലതാമസവും ബുദ്ധിമുട്ടുകളും പരിഹരിക്കണം. സേവനങ്ങൾക്കുമേലും ക്യാപിറ്റൽ ഗുഡ്സിനുമേലും നൽകുന്ന ജി.എസ്.ടി റീഫണ്ടായി അനുവദിക്കുന്നതിന് നടപടികളുണ്ടാകണം. ഭേദഗതി ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. രാജു എബ്രഹാം: സർ, 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2017 ജൂൺ 30 അർദ്ധരാത്രിയിലാണ് ഇന്ത്യൻ പാർലമെന്റിൽ ചരിത്ര പ്രസിദ്ധമായ സംഭവം എന്നുപറഞ്ഞുകൊണ്ട് ജി.എസ്.ടി നടപ്പിലാക്കുന്ന പ്രഖ്യാപനം പ്രധാനമന്ത്രി നടത്തിയത്. ഇതിന് പലവശങ്ങളുണ്ട്. സാധാരണ ജനങ്ങൾക്ക് നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകൾക്ക് പൂർണ്ണമായി പരിഹാരം കാണാൻ സാധിച്ചിട്ടില്ലെങ്കിലും ശ്രീ. വി. കെ. സി. മമ്മത് കോയ സൂചിപ്പിച്ചതുപോലെ ജി.എസ്.ടി കൗൺസിലിൽ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നടത്തിയിട്ടുള്ള ഇടപെടലിലൂടെ രാജ്യത്താകെ വഴിതെറ്റിപ്പോയ ഒരു സംവിധാനത്തെ നേരായ പാതയിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. 42,000 കോടിയോളം രൂപ ജി.എസ്.ടി. ഇനത്തിൽ വരുമാനമായി നമുക്ക് ലഭിച്ചെന്നാണ് മാധ്യമങ്ങളിലൂടെ അറിയാൻ സാധിച്ചത്. എന്നിരുന്നാലും ഈ സംവിധാനത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുള്ള ഭേദഗതികളാണ് വളരെ സൃഷ്ടിപരമായി ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. സംസ്ഥാനങ്ങൾ തമ്മിൽ നിലനിന്നിരുന്ന നികുതി നിരക്ക് യുദ്ധം ഒഴിവായതും ഒരു രാജ്യം ഒരു നികുതി എന്നത് നിലവിൽ വന്നതും സംസ്ഥാനങ്ങൾ തമ്മിലുള്ള സുഗമമായ വ്യാപാരത്തിന് തടസ്സം നിന്നിരുന്ന ചെക്ക്പോസ്റ്റുകൾ ഇല്ലാതെയായതും തുടക്കത്തിലെ ആശയക്കുഴപ്പങ്ങൾക്ക്

അയവ് വന്നതും ജി.എസ്.ടി.യെ സംബന്ധിച്ച് പ്രോത്സാഹനജനകമാണ്. വൻകിട ഉല്പാദകർക്കും വ്യാപാരസ്ഥാപനങ്ങൾക്കും ജി.എസ്.ടി.മൂലം നേട്ടങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ചെറുകിട-ഇടത്തരം വ്യാപാരികളും വ്യവസായികളും ജി.എസ്.ടി. നിയമം നടപ്പിലാക്കിയപ്പോഴുണ്ടായ പാകപ്പിഴകൾ കാരണം ദുരിതത്തിലാണ്. നിയമങ്ങളിലെയും നടപടിക്രമങ്ങളിലെയും അജ്ഞത, മിക്കസമയങ്ങളിലും പണിമുടക്കുന്ന ജി.എസ്.ടി. നെറ്റ്‌വർക്ക് എന്നിവമൂലം വ്യാപാരികളും വ്യവസായികളും ഓൺലൈനായി നൽകിയ വിവരങ്ങളിൽ ധാരാളം തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. ജി.എസ്.ടി. ഹെൽപ്പ്‌ലൈനിൽ ബന്ധപ്പെട്ടാൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകാൻ ഉദ്യോഗസ്ഥർക്ക് സാധിക്കാത്ത അവസ്ഥയും പലപ്പോഴും കാണാൻ കഴിഞ്ഞിട്ടുണ്ട്. വകുപ്പിന്റെ ഭാഗത്തുനിന്നുള്ള പോരായ്മകൾ അധികൃതർ തന്നെ തിരുത്തും. എന്നാൽ അറിവില്ലായ്മകൊണ്ട് സംഭവിക്കുന്ന തെറ്റുകൾ തിരുത്താൻ വ്യാപാരികൾക്കും വ്യവസായികൾക്കും അവസരം നൽകുന്നില്ല. അതിനുള്ള അവസരം നൽകണമെന്നുള്ള അഭിപ്രായമാണുള്ളത്.

122-ാം ഭരണഘടനാ ഭേദഗതിയിലൂടെ കേന്ദ്രവും സംസ്ഥാനങ്ങളും ഒരേ സംവിധാനത്തിൻകീഴിൽ വരുമ്പോൾ തുടക്കത്തിലുണ്ടാകുന്ന ചില സാങ്കേതിക

പ്രശ്നങ്ങൾ മാറ്റുവാൻ അതാത് കാലഘട്ടങ്ങളിലെ ഭേദഗതികളിലൂടെ കഴിയണമെന്നാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. ജി.എസ്.ടി.ആർ-1 - വാങ്ങൽ സംബന്ധിച്ച വിവരം, ജി.എസ്.ടി.ആർ-2 - വാങ്ങൽ വിവരം; വില്പനയും തട്ടികഴിച്ച് നികുതി അടയ്ക്കൽ, ജി.എസ്.ടി. ആർ3 ...., ഇങ്ങനെ ഒരു മാസം മൂന്ന് റിട്ടേണുകൾ കച്ചവടക്കാരൻ സമർപ്പിക്കണമെന്നുള്ളത് ഇതിന്റെ തുടക്കത്തിലെ ഒരു പോരായ്മയായിരുന്നു എന്നുള്ളത് ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാട്ടുകയാണ്.

ചരക്കുപരിശോധന കർശനമാക്കി നികുതി വെട്ടിപ്പ് കണ്ടെത്താനുള്ള നിർദ്ദേശം നടപ്പിലാക്കണം. ചരക്കുനീക്കത്തിന് മുമ്പ് നികുതിയടച്ച രസീത് (ഇ-വേ ബിൽ) തയ്യാറാക്കണമെന്നാണ് നിയമം. ബില്ലിന്റെ പകർപ്പ് ചരക്കുവാഹനങ്ങളിൽ സൂക്ഷിക്കണം. എന്നാൽ ഇത്തരം തട്ടിപ്പുകൾ കണ്ടെത്താൻ വേണ്ടിയുള്ള പരിശോധനകൾ കൂടുതൽ കർശനമാക്കണമെന്നുള്ള ഒരു നിർദ്ദേശംകൂടി ഈ സന്ദർഭത്തിൽ വയ്ക്കുകയാണ്. കഴിഞ്ഞ നവംബർ 15-ന് 195 ഉല്പന്നങ്ങളുടെ നികുതി കുറച്ചിരുന്നു. എന്നാൽ ഇതിന്റെ ഗുണം പൂർണ്ണമായി ജനങ്ങൾക്ക് കിട്ടിയില്ലെന്ന് സർക്കാർ പരിശോധനയിൽ കണ്ടെത്തിയിരുന്നു. അടിസ്ഥാനവില ഉയർത്തിയും അല്ലാതെയും ഉല്പാദകരും മൊത്തവ്യാപാരികളും

ചെറുകിട വ്യാപാരികളുമടക്കമുള്ളവർ നേട്ടം കൊയ്യുകയായിരുന്നു. ജി.എസ്.ടി നടപ്പാക്കിയശേഷം വിലവ്യത്യാസം പരിശോധിച്ച് നിയമം നടപ്പിലാക്കാത്ത 335 ഉല്പാദകരുടെയും വില്പനക്കാരുടെയും വിവരങ്ങൾ സംസ്ഥാനം ശേഖരിച്ച് കേന്ദ്രത്തിന് നൽകിയിരുന്നുവെങ്കിലും നാളിതുവരെ ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല. ഇക്കാര്യം സംസ്ഥാനത്താകെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ്. ജി.എസ്.ടി. നികുതിയിൽ കുറവ് വന്നപ്പോഴും ഹോട്ടൽ ഭക്ഷണത്തിനടക്കം വില കൂടിനിന്നിരുന്നു. കോഴിയിറച്ചിയുടെ വില സംബന്ധിച്ച് ഏറെ ചർച്ചകൾ ഇവിടെ നടത്തിയിരുന്നു. ഇങ്ങനെയുള്ള 335 ഉല്പാദകരുടെ വിവരങ്ങൾ നൽകിയിട്ടും അതുസംബന്ധിച്ച് നടപടി വരാത്തത് വളരെ നിർഭാഗ്യകരമാണ്. ടി.വി., റഫ്രിജറേറ്റർ, വാക്വം ക്ലീനർ, വാഷിംഗ് മെഷീൻ, വാട്ടർ ഹീറ്റർ, വാട്ടർ കൂളർ, ഗാർഹികാവശ്യത്തിനുള്ള മറ്റ് ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവയ്ക്കെല്ലാം നികുതി 28-ൽനിന്ന് 18 ശതമാനമായി കുറയുമ്പോൾ ഇവയുടെ വിലയിൽ 10 ശതമാനം കുറവുണ്ടാകേണ്ടതാണ്. ഇതുപോലെയുള്ള അടിസ്ഥാനപരമായ പ്രശ്നങ്ങൾകൂടി പുനഃപരിശോധിക്കാൻ കഴിയണം.

ഒപ്പം പങ്കുവയ്ക്കുന്ന പ്രാദേശികമായ ഒരു ആശങ്ക, പ്രളയവുമായി ബന്ധപ്പെട്ട്

കേരളത്തിലെ പതിനായിരക്കണക്കിന് കടകളിൽ വെള്ളം കയറി എല്ലാം നഷ്ടപ്പെട്ടുവെന്നത് യാഥാർത്ഥ്യമാണ്. എന്റെ നാട്ടിലെ കടകളുടെ ഒന്നാം നിലയുടെയും രണ്ടാം നിലയുടെയും മുകളിലൂടെയാണ് ബോട്ടുകളിൽ രക്ഷാപ്രവർത്തനത്തിന് പോയത്. സാധാരണ സ്റ്റോക്ക് കൂടാതെ ഹോൾസെയിലുകാരും റീട്ടെയിലുകാരും ഓണക്കച്ചവടത്തിന് വാങ്ങിവച്ച രണ്ടും മൂന്നുമിരട്ടി ചരക്കാണ് പരിപൂർണ്ണമായും നശിച്ചുപോയത്. അതിൽ 50 ലക്ഷം രൂപയുടെ ചരക്ക് നഷ്ടപ്പെട്ടവരുണ്ട്, 10 കോടി രൂപയുടെ ചരക്ക് നഷ്ടപ്പെട്ടവരുണ്ട്. അങ്ങനെയുള്ള അതിദാരുണമായ ചിത്രമാണ് നമ്മുടെ നാട്ടിൽ കണ്ടത്. വെള്ളമിറങ്ങിയശേഷം കട തുറന്നപ്പോൾ കടയ്ക്കുള്ളിൽ എല്ലാം നഷ്ടപ്പെട്ടുവെന്ന് കണ്ട രണ്ടു വ്യാപാരികൾ പുറകോട്ട് വീണ്, ആ വീണിടത്തുവച്ചുതന്നെ മരിച്ചുപോയ ദയനീയവും ഗുരുതരവുമായ ഒരു സാഹചര്യമാണുണ്ടായത്. ഈ വ്യാപാരികൾക്കുള്ള ഒരു പ്രധാനപ്പെട്ട ആശങ്ക, ഈ എടുത്ത സ്റ്റോക്കിനെല്ലാം ഭാവിയിൽ ജി.എസ്.ടി. കുടിശ്ശിക ബാധകമാകുമോ; അവരുടെ തലയിൽ വീണ്ടും ടാക്സ് ഏർപ്പെടുത്തേണ്ട സ്ഥിതിവിശേഷമുണ്ടാകുമോ എന്നുള്ളതായിരുന്നു. കമ്പനികൾ കടം കൊടുത്ത സാധനങ്ങൾകൊണ്ടാണ് ഭൂരിപക്ഷം ആളുകളും ഇപ്പോൾ കടകൾ

തുറന്നിരിക്കുന്നത്. പത്തോ പതിനഞ്ചോ ശതമാനം ആളുകൾക്ക് മാത്രമാണ് ഇൻഷ്വറൻസ് ഉണ്ടായിരുന്നത്, അവരും നാമമാത്രമായിട്ടാണ് തുറന്നിരിക്കുന്നത്. വളരെ ദയനീയമായ ഒരു ചിത്രമാണ്. പത്തുശതമാനം കടകൾ തുറന്നിട്ടേയില്ല. അത്രയും ഗുരുതരമായ സാഹചര്യമാണുണ്ടായത്. ആ സാഹചര്യത്തിൽ ഉദ്യോഗസ്ഥരെ കറക്ട് ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി രണ്ടുതവണകളായി സ്വീകരിച്ച ഒരു വലിയ നീക്കമുണ്ട്. കൈക്കൂലിയുടെ രാജാക്കന്മാരായിരുന്നു മുൻകാലത്ത് കേരളത്തിലെ സെയിൽ ടാക്സ് ഉദ്യോഗസ്ഥർ. അവരെ നേരായ ദിശയിലേയ്ക്ക് കൊണ്ടുവന്ന് കൈക്കൂലി വാങ്ങുന്നവരെ കാണിച്ചുതന്നാൽ അവാർഡ് തരാമെന്ന് വെല്ലുവിളിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് ഒരു ധനകാര്യ വകുപ്പുമന്ത്രിക്ക് ഉയരാൻ കഴിഞ്ഞു. കേരളത്തിൽ വന്ന ആ മാറ്റം വലുതാണ്. പക്ഷേ, ആ മാറ്റത്തിനോട് യോജിക്കാത്ത ഒന്നോ രണ്ടോ ശതമാനമാളുകൾ ഇപ്പോഴും ഈ സെയിൽ ടാക്സ് ഡിപ്പാർട്ട്മെന്റിലുണ്ടെന്നത് ദൗർഭാഗ്യകരമായ ഒരു കാര്യമാണ്. ആത്മഹത്യ ചെയ്യുന്നവന്റെ കടകളിൽ കയറി പത്തുലക്ഷവും ഇരുപത് ലക്ഷവും രൂപയുടെ നോട്ടീസ് കൊടുക്കുന്ന രീതിയിലുള്ള ചില ജീർണ്ണത ഇവിടെയുണ്ടെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ

ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. സന്ദർഭത്തിനൊത്തുള്ള ഭേദഗതികൾ തീർച്ചയായും നമ്മൾ കൊണ്ടുവരണം. അതിന്റെ ഭാഗമായിത്തന്നെയാണ് 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇതിനെ പൂർണ്ണമായി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇവിടെ നടത്തിയ രണ്ടു പ്രസംഗങ്ങളിലും ഭേദഗതി ബില്ലിലെ ക്ലോസുകളെയൊന്നുംതന്നെ ചോദ്യം ചെയ്യുന്നില്ല. ശ്രീ. വി. കെ. സി. മമ്മത് കോയ ഓരോ ക്ലോസുമെടുത്ത് വിശദമായി അവയുടെ ലക്ഷ്യങ്ങൾ വിവരിക്കുകയും എങ്ങനെയാണ് ആ ഭേദഗതികൾ പലതും ചെറുകിട വ്യാപാരികൾക്ക് അനുകൂലമായിട്ടുള്ളതെന്ന് സൂചിപ്പിക്കുകയും ചെയ്തു. ഒരു ക്ലോസിനെക്കുറിച്ചുമാത്രമാണ് അദ്ദേഹം വിമർശിച്ചത്. വളരെ ഗുരുതരമായ തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിൽ രജിസ്ട്രേഷൻ റദ്ദാക്കാനായിട്ടുള്ള ക്ലോസുണ്ട്. റദ്ദാക്കുന്നതിന് മുന്നോടിയായി സസ്പെൻഡ് ചെയ്യാനുള്ള അധികാരം നൽകുകയാണ്. അത് ദുരുപയോഗപ്പെടുത്തുമെന്നുള്ള ആശങ്കയെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞത്. അത് ദുരുപയോഗപ്പെടുത്തില്ലായെന്ന് ഉറപ്പുവരുത്താനുള്ള

നടപടികൾ സ്വീകരിക്കാം. അദ്ദേഹത്തിന്റെ ആശങ്ക നിശ്ചയമായും ഗൗരവത്തിൽ തന്നെയെടുക്കും. മറ്റൊരു ക്ലോസ് സംബന്ധിച്ചും അടിസ്ഥാനപരമായ വിമർശനമില്ല. ജി.എസ്.ടി.-യെക്കുറിച്ചുള്ള പൊതുവായിട്ടുള്ള വിമർശനങ്ങളിലേയ്ക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല.

ക്യാന്റീനിന്റെ പ്രശ്നം, ജി.എസ്.ടി.-യിൽനിന്നും ഒഴിവാക്കുന്ന കാര്യത്തെക്കുറിച്ച് പറയുകയുണ്ടായി. അതിനെക്കുറിച്ച് വേറെ ചർച്ച ചെയ്യാം; അത് ടേക്ക്-അപ് ചെയ്യാം.

ഹജ്ജ് കമ്മിറ്റിക്കായി ചാർട്ട് ചെയ്യുന്ന ഫ്ലൈറ്റുകൾക്കുള്ള 18 ശതമാനം ജി.എസ്.ടി.-യെക്കുറിച്ച് രണ്ടുപേരും ഇവിടെ ഉന്നയിച്ചു. സാധാരണഗതിയിൽ ഫ്ലൈറ്റ് ടിക്കറ്റിന് 5 ശതമാനമാണ് ജി.എസ്.ടി. എന്നാൽ ചാർട്ടർ ചെയ്യുന്നതിന് 18 ശതമാനമാണ് നികുതി. ഹജ്ജ് കമ്മിറ്റിക്ക് ചാർട്ട് ചെയ്താണ് ഫ്ലൈറ്റ് വിടുന്നത്. ഇത് അന്യായമാണെന്നും അതുകൊണ്ട് 5 ശതമാനത്തിലേയ്ക്ക് കുറയ്ക്കുകയോ നികുതി ഇല്ലാതാക്കുകയോ ചെയ്യണമെന്ന് പറഞ്ഞ് ഇതിനകംതന്നെ ജി.എസ്.ടി കൗൺസിലിൽ നിവേദനം നൽകിയിട്ടുണ്ട്. അടുത്ത കൗൺസിൽ യോഗത്തിൽ ഇത് ടേക്ക്-അപ് ചെയ്യാം.

വാറ്റ് കുടിശ്ശിക സംബന്ധിച്ചുള്ള നിർദ്ദേശം വളരെ നല്ലതാണ്. അത്

ബഡ്ജറ്റ് ഘട്ടത്തിൽ പരിശോധിക്കാവുന്നതാണ്. ആന്റി പ്രോഫിറ്ററിംഗ് നടപടികളിൽ സ്റ്റേറ്റ് ലെവൽ സ്ക്രീനിംഗ് കമ്മിറ്റി 355 കേസുകൾ മാസങ്ങൾക്കുമുമ്പ് അയച്ചുകൊടുത്തെങ്കിലും ഇതുവരെ തീരുമാനമെടുത്തിട്ടില്ല. 195 ഉല്പന്നങ്ങളുടെ നികുതി കുറച്ചുകഴിഞ്ഞപ്പോൾ ആനുപാതികമായി വില കുറഞ്ഞോയെന്ന് സ്റ്റേറ്റ് ലെവൽ സ്ക്രീനിംഗ് കമ്മിറ്റി പരിശോധന നടത്തി 68 വ്യാപാരികൾക്കെതിരെയുള്ള വിമർശനങ്ങൾ ദേശീയതലത്തിലുള്ള സമിതിക്ക് അയച്ചിട്ടുണ്ടെങ്കിലും അതുസംബന്ധിച്ചും തീരുമാനങ്ങളൊന്നുമായിട്ടില്ല.

ശ്രീ. രാജു എബ്രഹാം പറഞ്ഞതുപോലെ പ്രളയത്തിൽപ്പെട്ട വ്യാപാരികളുടെ സ്റ്റോക്കുകളിന്മേലുള്ള ജി.എസ്.ടി.-യെ സംബന്ധിച്ചുള്ള ആശങ്കകളുണ്ട്. സ്റ്റേറ്റ് ജി.എസ്.ടി.-യിൽനിന്ന് വളരെ യാന്ത്രികമായി ഒരു വ്യാപാരിക്ക് നോട്ടീസ് കൊടുത്തതാണ് ആശങ്ക ഇത്ര വലുതാക്കിയത്. ആ നോട്ടീസ് റദ്ദ് ചെയ്തിട്ടുണ്ട്. എങ്കിലും ആ പ്രശ്നം നിലനിൽക്കുന്നുണ്ട്. അത് വ്യാപാരികളുമായും ദേശീയതലത്തിലും ചർച്ച ചെയ്ത് അതിനുള്ള പരിഹാരം കണ്ടെത്താം.

സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം ബിൽ ക്ലോസ് ബൈ ക്ലോസ് എടുക്കുന്നതിനുമുമ്പ്, വിശദമായി കൂടുതൽ ചർച്ച നടക്കുമ്പോൾ അതിനോട്

പ്രതികരിക്കാമെന്നും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. കെ. സി. മമ്മത് കോയ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം, അങ്ങയുടെ 6 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഡിസംബർ 5-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.31-ന് പിരിഞ്ഞു.)

******